മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

മാസിക

മെയ് 2002





ST. GEORGE SHRINE

ചന്ദനപ്പള്ളി
വലിയപള്ളി
പെരുന്നാൾ
മെയ് 7,8



# വായനക്കാരുടെ കത്തുകൾ

## പുതിയ മാനേജിംഗ് കമ്മറ്റി

2002 ഏപ്രിൽ മാസത്തിലെ മലങ്കര സഭാമാസികയിലെ എഡിറ്റോറിയൽ വായിച്ചു. പുതിയമാനേജിംഗ് കമ്മറ്റിക്ക് വിപുലമായ ചുമതലകൾ നിർവ്വഹിക്കാനുള്ളതായി എഡിറ്റോറിയലിൽ പ്രതിപാദിച്ചിട്ടുണ്ട്. മലങ്കര സഭയെ പുതിയ നൂറ്റാണ്ടിൽ നയിക്കുവാൻ ശക്തരായ അംഗങ്ങൾ മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടോ എന്നൊരു സ്വയവിമർശനം ഈ സാഹചര്യത്തിൽ അനിവാര്യമാണ്. മിക്കവാറും ഭദ്രാസനങ്ങളിൽ മെത്രാപ്പോലീത്തന്മാരുടെ സ്ഥാപിത താല്പര്യക്കാരെ മാനേജിംഗ് കമ്മറ്റിയിൽ തിരുകികയറ്റിയിരിക്കുകയാണ്. വ്യക്തിത്വം, കഴിവ്, പ്രതികരണശേഷി ഇത്തരം കാര്യങ്ങൾ മാനദണ്ഡമായി പല ഭദ്രാസനങ്ങളും എടുത്തിട്ടില്ല. ഒരിക്കൽപോലും വൈദികയോഗത്തിൽ സംബന്ധിക്കാത്തവരെ വൈദികരുടെ പ്രതിനിധികളായി മാനേജിംഗ് കമ്മറ്റിയിലേക്ക് ഏകപക്ഷീയമായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതെല്ലാം മലങ്കര സഭയിലെ ജനാധിപത്യവിരുദ്ധങ്ങളായ പ്രവർത്തനങ്ങൾ ആണെന്ന് നിസ്സംശയം പറയാം. അധികാരികൾക്കാവശ്യം ഏറാൻമൂളികളെയാണ്. സ്തുതിപാഠകരെ കൊണ്ട് നിറച്ചിരിക്കുന്ന പുതിയ മാനേജിംഗ് കമ്മറ്റിക്ക് സഭയുടെ നവോത്ഥാനത്തിനു വേണ്ടി എന്തെങ്കിലും പ്രവർത്തിക്കുവാൻ കഴിയുന്ന കാര്യം സംശയമാണ്. വോട്ടെണ്ണൽ സമയം പൂർണ്ണമായും പരുമലയിൽ പാഴാക്കി. സദ്യക്ക് അരിവെച്ച കഥയും വളിപ്പുകളും വിളമ്പി അരോചകം സൃഷ്ടിച്ചവർ യാതൊരു ദീർഘവീക്ഷണവും ഇല്ലാത്തവരാണ്. വേദിയിൽ സമയം കൊല്ലി പ്രസംഗം നടത്തിയവർ പരുമലയിൽക്കൂടി വന്ന നാലായിരം പേരേയും അവഹേളിക്കുകയാണ് ചെയ്തത്. ഓർത്തഡോക്സ് സഭയിൽ ഡോക്ടർ ബിരുദം ഇല്ലാത്തവർ ചുരുക്കമാണ്. ഡോക്ടറേറ്റ് പുരോഹിതന്റെ കിരീടവും ചെങ്കോലുമാണെന്ന് തെറ്റിദ്ധാരണ പുലർത്തുന്ന ഓർത്തഡോക്സ് സഭയിലെ ബുദ്ധിജീവികൾ എന്ന് സ്വയം നടിക്കുന്നവർക്ക് പരുമല അസോസ്സിയേഷനിൽ വ്യക്തമായ പ്ലാനിങ്ങോടുകൂടി ഒന്നും തന്നെ കാര്യക്ഷമമായി ചെയ്യാൻ സാധിച്ചില്ലായെന്നത് ലജ്ജാകരമാണ്.

**ഫാ. ഡാർളി എടപ്പങ്ങാട്ടിൽ,**
**മുളന്തുരുത്തി**

പുതിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ ശ്രദ്ധയ്ക്ക് സഭയുടെ ആത്മിക വളർച്ചയ്ക്കും ജനങ്ങളുടെ ക്ഷേമത്തിനുമുതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കുവാൻ ശ്രദ്ധിക്കണം. ആനുകാലിക പ്രശ്നങ്ങളോടു പ്രതികരിക്കുവാൻ ഒരു മീഡിയാ ഗ്രൂപ്പ് ഉണ്ടാവണം. വിവിധ കമ്മറ്റികളിൽ സ്ഥാനമോഹികളും ഏറാൻ മൂളികളുമല്ല ആവശ്യം ദീർഘവീക്ഷണവും കഴിവും സമയവുമുള്ള വ്യക്തികളെയാണ്. നയപരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ മലങ്കര സഭയിലെ പാവപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും ശബ്ദമായ് നിങ്ങൾ മാറണം. മലങ്കര സഭയുടെ മാർച്ചു മാസത്തിലെ എഡിറ്റോറിയൽ പരാമർശിക്കുന്ന വിഷയങ്ങളും സത്വരമായ് നടപ്പാക്കേണ്ടതാണ്. ഉത്തരവാദിത്വ ബോധവും കാര്യക്ഷമതയും സർവ്വോപരി സഭാസ്നേഹവും (വ്യക്തി സ്നേഹവും, ഭദ്രാസന സ്നേഹവും, പ്രസ്ഥാനസ്നേഹവുമല്ല) നിങ്ങളിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫാ. ചെറിയാൻ ടി. സാമുവേൽ,**
**വഞ്ചിത്ര**

## പ. ഗീവർഗീസ് പ്രഥമൻ ബാവാ

മലങ്കര സഭാമാസികയിൽ പ്രസിദ്ധീകരിച്ച "പ. ഗീവർഗീസ് പ്രഥമൻ ബാവാ -ദൈവനിറവിന്റെ സൂര്യതേജസ്" എന്ന ലേഖനത്തിന് (2001 ഡിസം. ലക്കം 12, പു.57) സാമുവേൽ മാത്യു കുടശ്ശനാട് എഴുതിയ പ്രതികരണത്തിന് (2002 മാർച്ച് ല.3, പു.58) നന്ദി. ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി താഴെ ചേർക്കുന്നു.

1) പ. ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനി ജനിച്ചത് 1870 ജനു. 11 നാണ്. 1896 ഓഗസ്റ്റ് 16-ാം തിയതി 26-ാം വയസിൽ കശ്ശീശാസ്ഥാനവും ഓഗസ്റ്റ് 23-ാം തിയതി റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 1928 ഡിസം. 17-ാം തീയതി 58-ാം വയസിൽ കാലം ചെയ്തു. പകർപ്പ് എഴുതിയപ്പോൾ തീയതികളിൽ തെറ്റു സംഭവിച്ചതിൽ ഖേദിക്കുന്നു.

2) കാരുചിറ ഗീവർഗീസ് റമ്പാനെ 1913 ഫെബ്രുവരി 9-ാം തീയതി ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ വച്ച് പ. അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവാ, കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകരണത്തിൽ മേല്പട്ടക്കാരനായി വാഴിച്ചു. (കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് തിരുമേനി മെത്രാൻസ്ഥാനം സ്വീകരിച്ചത് 1912 സെപ്തം. 10-ാം തീയതിയാണ്). ഒന്നാം കാതോലിക്കാ ബാവാ കാലം ചെയ്തതിനെ തുടർന്ന് കൂടിയ സുന്നഹദോസിൽ വച്ച് അടുത്ത കാതോലിക്കോസായി ആരെ വാഴിക്കണം എന്നതിനെക്കുറിച്ചു മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി ആരാഞ്ഞപ്പോൾ പ്രായക്കൂടുതലാണെന്നു പറഞ്ഞ് മാർ പീലക്സിനോസ് തിരുമേനിയും പ്രായക്കുറവാണെന്ന കാരണത്താൽ മാർ ഗ്രീഗോറിയോസ് തിരുമേനിയും ഒഴിഞ്ഞു മാറി. ഒടുവിൽ ചീട്ട് ഇടുകയും ചീട്ട്, മാർ പീലക്സിനോസ് തിരുമേനിക്ക് വീഴുകയും ചെയ്തു. എങ്കിലും സ്ഥാനം സ്വീകരിക്കുവാൻ വിസമ്മതിച്ച തിരുമേനിയെ വട്ടശ്ശേരിൽ തിരുമേനിയും കെ.സി. മാമ്മൻമാപ്പിളയും ചേർന്ന് സമ്മതിപ്പിക്കുകയുമായിരുന്നു. (കുറിയാക്കോസ് കെ., "മലങ്കരയിലെ രണ്ടാം കാതോലിക്കാ" വള്ളിക്കാട്ടു ദയറാ പ്രസിദ്ധീകരണം, 1984, പേജ് 52-53) കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായേക്കാൾ പ്രായക്കൂടുതൽ മാർ പീലക്സീനോസ് തിരുമേനിക്കായിരുന്നു. സഭാ ഭരണഘടനയിൽ സീനിയർ മെത്രാപ്പോലീത്താ എന്നു വിവക്ഷിക്കുന്നതു പ്രായക്കൂടുതലുള്ള മെത്രാപ്പോലീത്തായെ ആണല്ലോ.

*ജേക്കബ് മണ്ണുംമൂട്, അമയന്നൂർ*

# മലങ്കരസഭ


ലക്കം 5, പുസ്തകം 58
മെയ് 2002




## പത്രാധിപസമിതി


**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 462940
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255


### വരിസംഖ്യ

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റ പ്രതി | : 5 രൂപ |
| ഒരു വർഷം | : 60 രൂപ |
| 5 വർഷം | : 300 രൂപ |
| 10 വർഷം | : 600 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 600 രൂപ |

*Cover Design:* eQuations, Kottayam

# CONTENTS
# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 മതികെട്ടാനിലെ പാവം കുരിശ്
- ഫാ. ഡോ. ജേക്കബ് കുര്യൻ

**മലങ്കര അസോസിയേഷൻ**

5 മലങ്കര അസോസിയേഷനെതിരായ ഹർജികൾ സുപ്രീം കോടതി തള്ളി

7 Report of the Justice V.S. Malimath

**സഭാകാര്യം**

15 യിസ്രായേലിനെക്കൊണ്ടു പാവം ചെയ്യിച്ചവനായ.......
- പ. കാതോലിക്കാ ബാവാ

**കവിത**

7 നോഹയും പ്രളയവും
- കെ.സി. അലക്സാണ്ടർ പുനലൂർ

**ആനുകാലികം**

13 കരുണം തേടുന്ന വാർദ്ധക്യം
- സൗമ്യ മറിയം ജോസ്

**ലേഖനങ്ങൾ**

10 സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു
- കെ.വി. ചാണ്ടി, വസായ്

16 പരിശുദ്ധിയുടെ നിറവാർന്ന 125 വർഷങ്ങൾ.....
- ഫാ. പി. ജോർജ്ജ്, കറ്റാനം

21 Unto The Hills
- Philipose Vaidyan

27 പ്രാർത്ഥനയുടെ ശ്രേഷ്ഠത.......
- മേരി തോമസ്

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, വിശ്വാസപാഠം, പ്രതിമാസ ചിന്തകൾ, വാർത്തകൾ, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം, ബാലസഭ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

# മതികെട്ടാനിലെ 'പാവം കുരിശ്'

## ഫാ. ഡോ. ജേക്കബ് കുര്യൻ

മതികെട്ടാനിലെ അനധികൃത (?) കുടിയേറ്റത്തിന്റെ മൂകസാക്ഷിയായ ഒരു കുരിശിനെ ദൃശ്യമാധ്യമങ്ങൾ സംപ്രേഷണം ചെയ്തു. ആ കുരിശിനെ അവിടെ സ്ഥാപിച്ചവരുടെ ചേതോവികാരവും, ആ കുരിശിനെ സംപ്രേഷണം ചെയ്തവരുടെ ചേതോവികാരവും, ആ കുരിശിനെ ടിവി സ്ക്രീനിൽ ദർശിച്ചവരുടെ ചേതോവികാരവും വ്യത്യസ്തങ്ങളാണെന്നതിനു സംശയമില്ല. മതികെട്ടാനിൽ കുരിശു സ്ഥാപിച്ചവരുടെ താല്പര്യം വളരെ വ്യക്തമാണ്. ഭൂമി കൈയ്യേറിയതിനെ ആരും ചോദിക്കാൻ വരരുത്. വന്നാൽ, വിഷയം മതവികാരവ്രണപ്പെടുത്തൽ ആകും. കാട്ടിക്കൂട്ടുന്നതിനൊക്കെ കുരിശു സംരക്ഷണ ചെയ്താൽ വൈകാതെ തന്നെ അവിടെയടുത്ത് പള്ളിയും സ്ഥാപിക്കും. പിന്നെ, എല്ലാം സ്വസ്ഥം, സുന്ദരം. കഞ്ചാവും ഏലവും പുതിയ കഥകൾ പറയും; രക്തത്തിന്റെയും കണ്ണീരിന്റെയും നനവുള്ള കഥകൾ തന്നെ.

ഇങ്ങനെയുള്ള ഒത്തിരി കുരിശുകൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റും ഉണ്ട്. അവയിൽ ചിലത് പള്ളികളായിട്ടുമുണ്ട്. പക്ഷെ, ഇങ്ങനെയുള്ള കുരിശും, പള്ളിയും യേശുക്രിസ്തുവിനെ പരിഹാസപാത്രമാക്കുന്നു. ആദിവാസികളെ ഓടിച്ചുവിട്ടിട്ട് ചിലർ അഭിനവ ആദിവാസികളായും, മറ്റു ചിലർ ആധുനിക വാമനന്മാരായും വിഹരിക്കുന്നതിന് മൂകസാക്ഷിയാകുന്ന കുരിശും, പള്ളിയും സ്ഥാപിക്കേണ്ടിടത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ നിയമപാലകരും, യഥാർത്ഥ ക്രൂശുഭക്തരും ധൈര്യം കാട്ടേണ്ടതാണ്.

'മതികെട്ടാൻ' ഒറ്റപ്പെട്ട സംഭവമല്ല. ഒരു പക്ഷേ കണേണ്ടവരിൽ ചിലരെ കാണേണ്ടപോലെ കാണാതെ പോയതുകൊണ്ടുമാത്രം വെളിച്ചത്തു വന്ന സംഭവമായിരിക്കും. എവിടെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു മതികെട്ടാനിലെപ്പോലെ കാടു തെളിക്കലും, റോഡുവെട്ടലും, 'കൃഷി'യും വിളവെടുപ്പും ഒക്കെ!

മതികെട്ടാനിൽ കുരിശിന്റെ സംരക്ഷണം തേടിയതു പോലെയോ അതിലപ്പുറമോ ജുഗുപ്സാവാഹമാണ് പള്ളികൾക്കുള്ളിൽ കരിശിനെ സാക്ഷിയാക്കി ഉപവാസനാടകങ്ങൾ കളിക്കുന്നതും. നിയമനിഷേധത്തിനും, നിക്ഷിപ്ത താല്പര്യ സംരക്ഷണത്തിനും കുർബാനയും ഉപവാസവും ആയുധമാകുന്നിടത്ത് എന്നെങ്കിലും കുർബാനയുടെയും ഉപവാസത്തിന്റെയും മാന്യതയും ശ്രേഷ്ഠതയും പുനഃപ്രതിഷ്ഠിക്കാൻ കഴിയുമോ?

അങ്ങനെ വരുമ്പോൾ മതികെട്ടാനിൽ മാത്രമല്ല പാവം കുരിശുള്ളത്; പാവം ജനം അന്തിച്ചു നിൽക്കുന്ന ആരാധനാലയങ്ങളിൽ വരെ പാവം ജനം അന്തിച്ചുനിൽക്കുന്ന ആരാധനാലയങ്ങളിൽ വരെ പാവം കുരിശു മുക സാക്ഷിയായിട്ടുണ്ട്.


### മലങ്കരസഭ വരിസംഖ്യ

ഇന്ത്യയിൽ

| | |
|---|---|
| ഒറ്റപ്രതി | : 5 രൂപ |
| ഒരു വർഷം | : 60 രൂപ |
| 5 വർഷം | : 300 രൂപ |
| 10 വർഷം | : 600 രൂപ. |

*വിദേശത്തേക്ക്*

ഒരു വർഷം : 600 രൂപ.

### പരസ്യനിരക്കുകൾ

| | |
|---|---|
| Back Page (Colour) | : 10000 |
| Back page (B/W) | : 5000 |
| Front Inside | : 3750 |
| Back Inside | : 3500 |
| Full page | : 3000 |
| Half page | : 1750 |
| Quarter page | : 1250 |
| Minimum | : 750 |
| Favours Block (Stamp Size) | : 300 |






# മലങ്കര അസോസിയേഷനെതിരായ ഹർജികൾ സുപ്രീം കോടതി തള്ളി

ന്യൂഡൽഹി:- മലങ്കര അസോസിയേഷൻ തെരഞ്ഞെടുപ്പിൽ ക്രമക്കേടുണ്ടെന്നും ജസ്റ്റിസ് വി.എസ്. മളീമഠിന്റെ നടപടികൾ നിയമാനുസൃതമല്ലെന്നും മറ്റും ആരോപിച്ചു പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും പിറവം, കുന്നംകുളം, കാനഡയിലെ ഒൺടാരിയോ ഇടവകകളും കൊടുത്ത ഹർജികൾ സുപ്രീം കോടതി തള്ളി. തെരഞ്ഞെടുപ്പു സംബന്ധിച്ച വിധി നടപ്പാക്കൽ പൂർത്തിയായെന്നു രേഖപ്പെടുത്താൻ കേസ് പിന്നീടേക്കു മാറ്റിവച്ചു.

മലങ്കര അസോസിയേഷൻ തെരഞ്ഞെടുപ്പും പരുമലയിൽ ചേർന്ന യോഗവും തെരഞ്ഞെടുപ്പുൾപ്പെടെയുള്ള യോഗ നടപടികളും സ്വതന്ത്രവും നീതിപൂർവകവും നിയമാനുസൃതവുമായിരുന്നുവെന്നു വ്യക്തമാക്കിയുള്ള ജസ്റ്റിസ് വി.എസ്. മളീമഠിന്റെ റിപ്പോർട്ട് കോടതിക്കു ലഭിച്ചതായി ജഡ്ജിമാരായ ബി.എൻ. കൃപാൽ, കെ.ജി. ബാലകൃഷ്ണൻ എന്നിവർ വ്യക്തമാക്കി. പ്രസക്തഭാഗങ്ങൾ ജസ്റ്റിസ് കൃപാൽ കോടതിയിൽ വായിച്ചു. റിപ്പോർട്ടിന്റെ കോപ്പി ഇരുവിഭാഗങ്ങൾക്കും നൽകി.

ഓർത്തഡോക്സ് വിഭാഗവുമായി നിലനിന്ന കേസുകളിൽ 1995, 1996, 1997 വർഷങ്ങളിലുണ്ടായ സുപ്രീംകോടതി വിധിക്കനുസരിച്ച ഡിക്രി നടത്തിക്കിട്ടണമെന്ന വിധി നടത്തിപ്പു ഹർജിയുമായി പാത്രിയർക്കീസ് വിഭാഗം കേരള ഹൈക്കോടതിയെ സമീപിച്ചു. കഴിഞ്ഞ വർഷം ഏപ്രിൽ ആറിന് ഹൈക്കോടതി ഡിവിഷൻ ബഞ്ച്, മലങ്കര അസോസിയേഷനിലേക്കു തെരഞ്ഞെടുപ്പു നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിക്കാനും നടത്തിയിട്ടില്ലെങ്കിൽ കമ്മിഷൻ മുഖാന്തരം അതു നടത്താൻ പള്ളിക്കേസുകൾക്കുവേണ്ടിയുള്ള പ്രത്യേക കോടതിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി. കാതോലിക്കാ ബാവാ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്ത അല്ലെന്നും കോടതി വിധിച്ചു.

ഈ വിധിക്കെതിരെ കാതോലിക്കാ ബാവാ പ്രത്യേകാനുമതി ഹർജിയുമായി സുപ്രീം കോടതിയെ സമീപിച്ചു. കഴിഞ്ഞ നവംബർ 28-നു ഹർജി അനുവദിച്ച കോടതി, ഹൈക്കോടതി വിധി റദ്ദാക്കി; വീണ്ടും തെരഞ്ഞെടുപ്പു നടത്താൻ തയാറാണെന്ന ഓർത്തഡോക്സ് വിഭാഗത്തിന്റെ നിലപാട് അംഗീകരിച്ചു; പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ തെരഞ്ഞെടുപ്പു നടത്താൻ അധികാരപ്പെടുത്തി. തെരഞ്ഞെടുപ്പു സഭാ ഭരണഘടനയും മുൻ കീഴ്വഴക്കങ്ങളും അനുസരിച്ചും ന്യായമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് മളീമഠിനെ നിരീക്ഷകനായി നിയമിച്ചു.

തെരഞ്ഞെടുക്കപ്പെട്ട മലങ്കര അസോസിയേഷന്, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്ത ആണോ അല്ലയോ എന്നു തീരുമാനിക്കണമെന്നും തെരഞ്ഞെടുപ്പു പ്രക്രിയയിലോ അതിന്റെ ഫലത്തിലോ മറ്റു നടപടികളിലോ മറ്റു കോടതികൾ ഇടപെടരുതെന്നും സുപ്രീം കോടതി വ്യക്തമാക്കി. അതനുസരിച്ചുള്ള മലങ്കര അസോസിയേഷനിലേക്കു നാലായിരത്തോളം പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടു. ഈ പള്ളി പ്രതിപുരുഷ യോഗോം കഴിഞ്ഞ മാസം 20-നു പരുമലയിൽ കൂടി. ഒൻപതിനെതിരേ 3464 ൽ പരം വോട്ടുകൾക്ക്, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തയാണെന്നു പ്രഖ്യാപിച്ചു.

തുടർന്നു തെരഞ്ഞെടുപ്പിലും യോഗ നടപടികളിലും ക്രമക്കേട് ആരോപിച്ചു പാത്രിയർക്കീസ് വിഭാഗം സുപ്രീം കോടതിയെ സമീപിച്ചു.

ഓർത്തഡോക്സ് വിഭാഗത്തിനു വേണ്ടി അഭിഭാഷകരായ എഫ്.എസ്. നരിമാൻ, ആർഎസ്.നരമാൻ, സി.ടി.ജോസഫ്, സദ്രുൾ അനാം, ഫസ്ലിൻ അനാം, പാത്രിയർക്കീസ് വിഭാഗത്തിനു വേണ്ടി അഭിഭാഷകരായ സി.എസ്. വൈദ്യനാഥൻ, എം.എൽ. വർമ, പി.ജെ. ഫിലിപ്പ്, പി.കെ. മനോഹരൻ എന്നിവരും ഹാജരായി.


### ഒന്നാം ചരമ വാർഷികം

09-05-2002



### ഫാ. ടി. ജി. സഖറിയ

മലങ്കരസഭാ മാസികയുടെ മാനേജരായിരുന്ന ഫാ. ടി.ജി. സഖറിയായുടെ ഒന്നാം ചരമവാർഷികം പ്രമാണിച്ച് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ഉമയാറ്റുകര സെന്റ് തോമസ് ദേവാലയത്തിൽ പ. ബാവാതിരുമേനിയുടെ കാർമ്മികത്വത്തിൽ വി. കുർബാനയും ധൂപപ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും 9-05-2002 ൽ നടത്തപ്പെട്ടു.

*Inserted by:-*

MALANKARA SABHA

# കേരളത്തിലെ ക്രൈസ്തവ സഭകളിലെ ബിഷപ്പുമാരുടെ സംയുക്ത പ്രസ്താവന

ഭൂമിയും അതിന്റെ പൂർണ്ണതയും ദൈവീക ദാനമാണെന്നു ക്രൈസ്തവരായ നാം വിശ്വസിക്കുന്നു. ദൈവീക സൃഷ്ടിയായ ഇവയെ പരിരക്ഷിക്കേണ്ടതും മലിനീകരിക്കാതെ അടുത്ത തലമുറയ്ക്ക് കൈമാറേണ്ടതും ഒരോ ക്രൈസ്തവന്റെയും വിശ്വാസ ദർശനത്തിന്റെ ഭാഗമായി കാണണം. ലോകമെങ്ങും പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ക്രിയാത്മകമായി പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടത് ഓരോ ക്രൈസ്തവന്റെയും വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഓർപ്പിക്കട്ടെ. പ്രകൃതിരമണീയമായ കേരളക്കരയിലും പാരിസ്ഥിതിക പ്രതിസന്ധികളുടെ തുടക്കം കണ്ടുവരികയാണ്.

പരിസ്ഥിതി പ്രശ്നങ്ങളെ നിസംഗതയോടെ കണ്ടിരുന്ന അവസ്ഥ മാറ്റി, സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാകണം എന്നൊരാഹ്വാനമാണ് ഈ കത്തിലൂടെ ഞങ്ങൾ മുമ്പോട്ട് വയ്ക്കുന്നത്. പ്രകൃതിയുടെ താളം തെറ്റാതെ സംരക്ഷിക്കേണ്ടത് സകല മനുഷ്യരുടെയും കടമയാണ്.

നിർദ്ദേശങ്ങൾ

1. പരിസ്ഥിതി സംരക്ഷണം ക്രൈസ്തവ ദർശനങ്ങളുടെ ഭാഗമെന്ന് മനസ്സിലാക്കുവാൻ സഹായിക്കുന്ന പഠനപരിപാടികൾ സംഘടിപ്പിക്കുക.

2. സഭയുടെ നിത്യ ജീവിതത്തിൽ പരിസ്ഥിതി ജീവിത ശൈലി ഉൾക്കൊള്ളുവാൻ ശ്രമിക്കുക.

a) പ്ലാസ്റ്റിക്കിന് ഇന്ന് നിത്യ ജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത സ്ഥാനമാണുള്ളത്. ഒറ്റ ഉപയോഗത്തിനുശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കുറയ്ക്കുന്നത് പരിസ്ഥിതിക്കിണങ്ങുന്ന ഒരു ജീവിതശൈലിയുടെ തുടക്കം ആയിരിക്കും. പ്ലാസ്റ്റിക്ക് കപ്പുകളുടെയും കാരിബാഗുകളുടെയു ഉപയോഗം കഴിവതും കുറയ്ക്കുക.

b) വലിച്ചെറിയുന്ന പാഴ് വസ്തുക്കൾ ഉളവാക്കുന്ന പരിസ്ഥിതി മലിനീകരണത്തിന്റെ അപകടം മനസ്സിലാക്കി Reduce Waste, Reuse Waste, Recycle Waste എന്ന തത്വം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

3. തരിശായി കിടക്കുന്ന പൊതു സ്ഥലങ്ങളിൽ, യുവജനങ്ങളുടെയും, സഭയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ അനുവാദത്തോടെ മരങ്ങൾ വച്ചു പിടിപ്പിക്കുക-സംരക്ഷിക്കുക. പ്രധാനപരിപാടികൾ നടക്കുമ്പോൾ അതിന്റെ സ്മരണ നിലനിർത്തുവാൻ ചെടികൾ നട്ടുപിടിപ്പിച്ചു സംരക്ഷിക്കുന്നതും നല്ലതാണ്.

4. ഓരോ പ്രദേശത്തേയും പ്രത്യേകതകൾ കണക്കിലെടുത്തു കൂട്ടായ ചർച്ചയിലൂടെയും സഹരണത്തിലൂടെയും, ആസൂത്രണം ചെയ്യുന്നത് മാത്രമേ ഫലവത്താകുകയുള്ളൂ. ഇപ്രകാരമുള്ള ചർച്ചകൾക്ക് സഹായിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ ക്രമീകരിക്കുക. (ഓർഗാനിക് ഫാമിഗ്, ഊർജ്ജ സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, അന്തക വിത്തു, ജല മലിനീകരണം, ആണവപ്രതിസന്ധി തുടങ്ങിയ വിഷയങ്ങളിൽ).

# ഫാമിലി കോൺഫറൻസ്

ന്യൂയോർക്ക്:- ഈ വർഷത്തെ അമേരിക്കൻ ഭദ്രാസന ഫാമിലി യൂത്ത് കോൺഫറൻസ് ജൂലൈ 17-ാം തീയതി മുതൽ 20 വരെ, പെൻസിൽവേനിയയിലെ, വില്ലനോവയിൽ വച്ചു നടത്തപ്പെടുന്നു.

"ക്രിസ്തുവിലുള്ള ജീവിതം" എന്ന മുഖ്യ വിഷയത്തെ കേന്ദ്രീകരിച്ചു നടത്തപ്പെടുന്ന വിവിധ സമ്മേളനങ്ങൾക്ക് അഭി. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത അഭി ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. യൂജിൻ ബ്രൗൺ തുടങ്ങിയവർ നേതൃത്വം നൽകും. വിവിധ തലങ്ങളിലായി നടത്തപ്പെടുന്ന സമ്മേളനങ്ങൾക്ക് വിപുലമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

റവ. ഫാ. തോമസ് പോൾ (കോ-ഓർഡിനേറ്റർ), റവ. ഫാ. നൈനാൻ ഈശോ (അസോസിയേറ്റ് കോ-ഓർഡിനേറ്റർ), കോരസൺ വർഗീസ് (ജനറൽ സെക്രട്ടറി) തോമസ് വർഗീസ് (ട്രഷറർ), വർഗീസ് പോത്താനിക്കാട് (സുവനീർ എഡിറ്റർ), സൂസൻ വർഗീസ് (ജോ. സെക്രട്ടറി), ബിൻസി ജോർജ്ജ് (ജോ.ട്രഷറർ), ഡോ. തോമസ് ജോൺ (പുരുഷവേദി), റവ. ഡോ. ജോർജ്ജ് കോശി (ചാപ്ലെയ്ൻ), വിജി കുര്യൻ (വിനോദ മേള) കോര കെ. കോര (ട്രാൻപോർട്ടേഷൻ) റവ. ഫാ. രാജു വർഗ്ഗീസ് (ഒ.വി.ബി.എസ്.) റനി മാത്യു, തങ്കമ്മ തോമസ് (ശിശുവേദി) ഏബ്രഹാം ജോഷ്വ (യുവസംഗമം) എന്നിവർ അടങ്ങിയ കമ്മിറ്റി പ്രവർത്തിക്കുന്നു.

# മർത്തമറിയം സമാജം കോൺഫറൻസ്

മദ്രാസ്:- മൈലാപ്പൂരിലുള്ള ആർച്ച് ഡയോസിഷൻ പാസ്റ്ററൽ സെന്ററിൽ ഫെബ്രുവരി 8,9,10 തീയതികളിൽ നടന്ന കോൺഫറൻസിൽ മുഖ്യ ചിന്താവിഷയം "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും" എന്നതായിരുന്നു. ഈ വാക്യത്തെ ആധാരമാക്കി റവ. ഡോ. റെജി മാത്യു ക്ലാസ്സുകൾ എടുത്തു.

ഫാ. എം.സി. മത്തായി (വൈസ് പ്രസിഡന്റ് സെൻട്രൽ സമാജം ചെന്നൈ) സ്വാഗതം ആശംസിച്ചു. ശാന്തി വർഗ്ഗീസ് (മുൻ ഭദ്രാസന സെക്രട്ടറി) ഭദ്രാസനത്തിന്റെ മുൻകാല പ്രവർത്തനത്തെപ്പറ്റി സംസാരിച്ചു. മോളി ഫിലിപ്പ് ബീനാ തോമസ് (സെക്രട്ടറി സെൻട്രൽ സമാജം, ചെന്നൈ) അഭി. തിരുമേനിക്കും, റവ. ഡോ. റജിമാത്യുവിനും ഉപഹാരങ്ങൾ നൽകി.

ഭദ്രാസനത്തിന്റെ ജനറൽ സെക്രട്ടറി ലൗലി ജോൺ തറയിൽ കൃതജ്ഞത രേഖപ്പെടുത്തി. ആന്ധ്രാ, കർണാടക, തമിൾനാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നായി ഏകദേശം 350 പേരോളം കോൺഫറൻസിൽ പങ്കെടുത്തു.

## ഒരു തിരുത്ത്

മുൻ ലക്കങ്ങളിൽ ഒന്നു രണ്ടു ലേഖനങ്ങളിൽ, കഴിഞ്ഞ തലമുറയിൽ നിന്നും സഭാകേസിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയെന്നു പരാമർശിച്ചപ്പോൾ, അത് "കടവിൽ" പൗലൂസ് മാർ അത്താനാസ്യോസ് എന്ന് തെറ്റായി എഴുതിപ്പോയിട്ടുണ്ട്. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് അല്ല, കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് എന്ന് തിരുത്തി വായിക്കണം എന്നപേക്ഷ. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

\- പത്രാധിപർ



# REPORT OF THE JUSTICE V.S. MALIMATH

*മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്തിപ്പിന് സുപ്രീംകോടതി നിയോഗിച്ച നിരീക്ഷകൻ ജസ്റ്റിസ് വി.എസ്. മളിമഠ് സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രധാന ഭാഗം. 35 പേജുള്ള റിപ്പോർട്ടിന്റെ 32-33 പേജിലെ 32-ാമത്തെ പാരഗ്രാഫ് ആണ് താഴെ ചേർത്തിരിക്കുന്നത്.*

**"32. My Findings are as follows:-**

A. Free and fair elections were held to the Malankara Association to elect representatives from all the parish Churches, following the past practice and proceedings. Only 45 complaints were received of whom 8 were allowed by the Tribunal.

B. Final list of Voters/member was correctly prepared and published following the prescribed procedure.

C. The meeting of the Malankara Association was convened at Parumala on 20.03.02 efficiently and in a free and fair manner.

D. Secret Voting was held to decide whether Moran Mar Baselius Marthoma Mathews II is or not the Malankara Metropolitan. It was decided by overwhelming majority of 3464 against 9, that Moran Mar Baselius Marthoma Mathews II is the Malankara Metropolitan. The decision was free and fair. The result was correct and was authenticated by me before it was announced.


E. Election to the managing committee was also held at the same meeting. As the number of Candidates equalled the number of positions all the nominated candidates were declared elected unopposed.

F. The directions of the Supreme Court given on 28.11.01 have been faithfully and correctly carried out in the matter of conducting the election and satisfactory execution of the decree, within the prescribed time."

കവിത

# നോഹയും പ്രളയവും

കെ.സി. അലക്സാണ്ടർ, പുനലൂർ



മുഴുകി ജനതതി ദുഷ്ടതയിൽ
നല്ലൊരു നരനാം നോഹയ്ക്ക്
ഖേദമതുളവായ് ചിത്തത്തിൽ
കണ്ടും കേട്ടും ബഹുപാപം
കൂത്തുകൾ കേളികൾ അതി നിന്ദ്യം
കണ്ടു പാരിൽ പരമേശൻ
എത്തി നിലവിളി നാകത്തിൽ
ശൂന്യമതാക്കാൻ പ്രളയത്താൽ
ശപഥം ചെയ്തു സർവ്വേശൻ
വലുതാം പേടകമൊന്നു ചമയ്ക്കാനായ്
ഏകി കല്പന നോഹയ്ക്ക്
നോഹ പണിഞ്ഞൊരു പെട്ടിയതിൽ
അവനോടൊപ്പം തന്നുറ്റോർ
ഏറി എട്ടവർ ആദ്യമതായ്
ഇണയായ് പിന്നെ പ്രാണികളും
പേടകവാതിലടച്ചുടനെ
പകലും രാവും നാല്പതു നാൾ
പെയ്തു പെരുമഴയതിഘോരം
പുഴകൾ കവിഞ്ഞു; കുന്നുകൾ മുങ്ങി
പൂകി; പ്രാണികൾ പരലോകം
ഗിരിമുകളെത്തി പേടകവും
വർഷവുമറുതിയതായപ്പോൾ
തോയമിറങ്ങി അല്പാല്പം
വാതിൽ തുറന്നഥ നോക്കി നോഹ
കണ്ടു മഹിയതു ജലരഹിതം
ആദ്യമിറങ്ങിനോഹയുമേഴാളും
ഒടുവിലിറങ്ങി ജീവികളും
നല്ലൊരു പീഠം ചെയ്തവനേകി
വലുതാം ബലിയതു ശ്രേഷ്ഠം
ബലികണ്ടുടനെ തൃപ്തനതായ്
മേദമതേകി ഈശ്വരനും
നൽകി നോഹയ്ക്കാശിസ്സുകൾ

- Focus -

JUNE ISSUE MALANKARA SABHA

**OUTSIDE KERALA YOUTH SPECIAL**

*A touching letter from an outside kerala youth, statements of priest from outside kerala, Articles, Features etc....*

# ബാലസഭ

## നടവഴികൾ...

## കുഞ്ഞുറുമ്പും പൊൻപല്ലിയും


കുഞ്ഞുറുമ്പും പൊൻപല്ലിയും വീട്ടമ്മയുടെ മേശയിലെ കൂട്ടുകാരാണ്. അവർ മേശപ്പുറത്തുവീഴുന്ന റൊട്ടിയുടെയും കെയ്ക്കിന്റെയും പൊടികൾ തിന്നു ജീവിക്കുന്നു. പാത്രങ്ങളിൽ വച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങൾ അവർ കട്ടുതിന്നുകയില്ല അതുകൊണ്ട് വീട്ടമ്മയ്ക്ക് അവരോടു ഒട്ടും പിണക്കമില്ല. വീട്ടമ്മയും കുട്ടികളും താഴെകളയുന്ന കേക്കിന്റെ കുഞ്ഞു കുഞ്ഞു മുറികൾ മാത്രം അവർക്കു മതി. മേശപ്പുറത്തുവീഴുന്ന പൊടികൾ തിന്നുന്നതുകൊണ്ട് വീട്ടമ്മയുടെ മേശപ്പുറം എപ്പോഴും നല്ല വൃത്തിയായി കിടക്കും. കുഞ്ഞുറുമ്പും പൊൻ പല്ലിയും നല്ല കൂട്ടുകാരും പരോപകാരികളുമാണ്.

ക്രിസ്തുമസ്കാലം കേയ്ക്കിന്റെ കാലമാണ്. അപ്പോൾ കുഞ്ഞുറുമ്പിനും പൊൻപല്ലിക്കും നല്ലകാലമാണ്. വീട്ടമ്മയുടെ വിരുന്നുകാർ കേയ്ക്കും ജിലേബിയുമൊക്കെ കൊണ്ടുവരും. പിന്നെ മേശപ്പുറം മധുരപലഹാരങ്ങളുടെ മേളയാണ്.

പൊൻപല്ലിയും കുഞ്ഞുറുമ്പും വീട്ടമ്മയുടെ മേശയുടെ അടിയിലാണ് താമസ്സിക്കുന്നത്. വീട്ടമ്മയുടെ ഭക്ഷണമേശയാണത്. എന്നാൽ പൊൻ പല്ലി വീടിന്റെ മച്ചിലൂടെ ഓടിക്ക

ശേഷം 9-ാം പേജിൽ

കണ്ടു പിടിക്കൂ. ചിത്രത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്നതെന്താണെന്ന് കണ്ടു പിടിക്കാൻ അടയാളമുള്ള ഭാഗങ്ങൾ ചായം പൂശുക



### വചനപാത...

"മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്." (സദൃ. 1:8)

*പ്രിയകൊച്ചു കൂട്ടുകാരെ*

അവധിക്കാലത്തിന്റെ സന്തോഷത്തിൽ അലിഞ്ഞു ചേർന്ന് അണ്ണാറക്കണ്ണനോടു കിന്നാരം ചൊല്ലിയും മാമ്പഴം പെറുക്കിയും ഒക്കെ ദിനങ്ങളോട് വിട പറയുകയാണല്ലോ നമ്മൾ. എങ്കിലും പ്രതീക്ഷയോടെ നമ്മൾ കാത്തിരിക്കുന്ന ഒരു സംഗതി ഈ മാസം നമ്മെ തേടിയെത്തുകയാണ്. എന്താണെന്ന് മനസ്സിലായോ കൂട്ടുകാർക്ക്. പരീക്ഷയുടെ ഫലം. കഴിഞ്ഞ മദ്ധ്യവേനലവധിക്കാലത്ത് ചേട്ടൻ ഓർപ്പിച്ചതു ഇപ്പോഴും ഓർപ്പിക്കുകയാണ്. പരീക്ഷയ്ക്കു പ്രതീക്ഷിച്ച രീതിയിലുള്ള ഫലം ലഭിക്കാതെ വരുമ്പോൾ നിരാശയുടെ അനുഭവത്തിലേക്ക് ജീവിതത്തെ തള്ളിവിടരുത്. പരീക്ഷയ്ക്കു തോറ്റുപോയി എന്ന ഒറ്റകാരണത്താൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ എണ്ണം വർഷം തോറും വർദ്ധിക്കുകയാണ്. ജീവിതത്തെക്കുറിച്ച് വ്യക്തമായ ദർശനം ഇല്ലാത്തതാണ് ഇതിനു കാരണം. എനിക്ക് ഇനിയും സമയമുണ്ട്. ഞാൻ വിജയിക്കും എന്ന് ചിന്തിച്ചുകൊണ്ട് മുന്നോട്ടു പോകാൻ സാധിക്കണം വിവിധ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ട് പരാജയം ഏറ്റുവാങ്ങിയ ഒരു വ്യക്തി പിൻമാറാതെ വീണ്ടും മത്സരിച്ചു അവസാനം അദ്ദേഹം അമേരിക്കൻ പ്രസിഡന്റായി തീർന്നു. ആരാണ് ഇദ്ദേഹം എന്ന് കൂട്ടുകാർക്ക് മനസ്സിലായോ. ഇദ്ദേഹം ആണ് ഏബ്രഹാം ലിങ്കൻ. തനിക്കുള്ളത് എല്ലാം ഓരോന്നായി നഷ്ടപ്പെട്ടപ്പോഴും ദൈവമറിയാതെ എനിക്കൊന്നും സംഭവിക്കില്ല എന്നു ചിന്തിച്ച നീതിമാനായ ഇയ്യോബ് നമ്മുക്ക് ഒരു മാതൃകയാണ്.

അവധിക്കാലം വെറുതെ പാഴാക്കി കളയാതെ നല്ല നല്ല കാര്യങ്ങൾക്കായ് ചെലവഴിക്കാൻ ശ്രദ്ധിക്കണം. കഥ, കവിത, ലേഖനങ്ങൾ എന്നിവയൊക്കെ എഴുതാൻ താൽപര്യമുള്ളവർ അതിനായി സമയം ചെലവഴിക്കണം. ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നവൻ നല്ല നല്ല ചിത്രങ്ങൾ വരയ്ക്കണം. നിങ്ങൾക്കറിയാമല്ലോ സ്ക്കൂളുകൾ തുറന്നാൽ പിന്നെ തിരക്കേറിയ പഠനത്തിനിടയിൽ ഇതിനൊന്നിനും സമയം കിട്ടിയെന്നു വരില്ല.

എല്ലാ കൂട്ടുകാർക്കും നല്ല ഒരു അവധിക്കാലവും നല്ല ഒരു പരീക്ഷഫലവും ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം

*നിങ്ങളുടെ എബിച്ചേട്ടൻ*







8-ാം പേജിൽ നിന്നു തുടർച്ച...

ളിക്കും ഭക്ഷണം കഴിക്കാൻ സമയം വരുമ്പോൾ പൊൻപല്ലി മേശപ്പുറത്തുണ്ട് ചിലപ്പോൾ മച്ചിൽനിന്നും ഒറ്റച്ചാട്ടം മേശപ്പുറത്തേയ്ക്ക്. കുഞ്ഞുറുമ്പു പോലും പേടിച്ചുപോകും. മേശയുടെ അടിയിൽ കൂട്ടുകെട്ടി ഇരിക്കുന്ന കുഞ്ഞുറുമ്പിന് എന്തൊരുവേഗമാണെന്നോ ആ ഓട്ടത്തിന്. കുഞ്ഞുറുമ്പും പൊൻപല്ലിയും ആരെയും ഉപദ്രവിക്കത്തില്ല. വഴക്കു കൂടത്തുമില്ല. ഊണുമേശയിൽ വീഴുന്ന ഭക്ഷണത്തിന്റെ പൊടികൾ തിന്നിട്ടു ഓടിമറയും. കുഞ്ഞുറുമ്പിന്റെ വരവും പോക്കും കാണാൻ നല്ലരസമാണ്. ആരുടെ എങ്കിലും നിഴലുകണ്ടാൽ ഓടിയൊളിക്കും. സാധനങ്ങളുടെ മണം പിടിച്ചാണു അവർ ഓടിവരുന്നത്. മച്ചിൽ ഇരുന്നു കൊണ്ടു പാട്ടു പാടുന്ന പൊൻ പല്ലിയെ വീട്ടമ്മയ്ക്കു വല്യകാര്യമാണ്. പല്ലിയുടെ പാട്ടു കേൾക്കാൻ വീട്ടമ്മ കാതോർത്തിരിക്കും. പൊൻ പല്ലിയെ ആരും ഉപദ്രവിക്കരുതെന്നാ വീട്ടമ്മയുടെ നിർദ്ദേശം. വീട്ടമ്മയുടെ കൊച്ചുമക്കൾ വരുമ്പോൾ പൊൻപല്ലിയെ ഉപദ്രവിക്കും. പൊൻപല്ലിയുടെ വാലിൽ തല്ലും ചിലപ്പോൾ വാൽ മുറിഞ്ഞെന്നിരിക്കും മുറിഞ്ഞ വാൽ കിടന്നു പിടയുന്നതു കണ്ടവർ രസിക്കും. വീട്ടമ്മ വന്നു കൊച്ചുമക്കളെ അടിച്ചോടിക്കും. വഴക്കു പറയും, പാവം പൊൻപല്ലിയെ പിന്നെ അവർ കരയിപ്പിച്ചിട്ടില്ല.

എങ്ങു നിന്നോ ഒരു മണിയൻ ഈച്ച വന്നു തുടങ്ങി മണിയനെ കണ്ടതു മുതൽ വീട്ടമ്മയ്ക്ക് കുഞ്ഞുറുമ്പിനോടും പൊൻ പല്ലിയോടും പിണക്കമായി. മണിയൻ ഒരു മൂളിപ്പാട്ടും പാടി അങ്ങു പറന്നു ഭക്ഷണത്തിനു മുകളിൽ അങ്ങിരിക്കും. മൂടിവച്ച പാത്രത്തിന്റെ ഇടയിലൂടെ അകത്തുകയറും. മഹാശല്യക്കാരനാണ് ഈ മണിയൻ. വീട്ടമ്മ ആട്ടി ഓടിക്കും. ഓടിച്ചാൽ എന്നാഫലം ഉടനെ തന്നെ വന്നു കഴിയും എല്ലാവർക്കും വെറുപ്പാണ് മണിയനോട്. മഹാശല്യം-മഹാശല്യം വീട്ടമ്മ എപ്പോഴും പറയും. മണിയനെ കൊല്ലാൻ പറ്റിയ വിഷം ഉണ്ടെന്നു ആരോപറഞ്ഞറിഞ്ഞു. വിഷം വാങ്ങിച്ചു മേശപ്പുറത്ത് വയ്ക്കാൻ തന്നെ തീരുമാനിച്ചു. ഇതൊക്കെ കുഞ്ഞുറുമ്പും പൊൻപല്ലിയും അറിഞ്ഞു. ഈ വിവരം മണിയൻ അറിഞ്ഞിട്ടില്ല. കുഞ്ഞുറുമ്പ് മണിയനോട് ഒന്നു പറയാൻ തന്നെ തീരുമാനിച്ചു. പക്ഷേ മണിയൻ വിശ്വസിക്കാൻ കാര്യമില്ല. കുഞ്ഞുറുമ്പിന്റെ അസൂയ തന്നെ എന്നു മണിയൻ വിചാരിക്കും എങ്കിലും കുഞ്ഞുറുമ്പു തുറന്നു പറഞ്ഞു. കുഞ്ഞുറുമ്പിനോടു മണിയനു മഹാപിണക്കമായി. മേശയുടെ കോണിലൊക്കെ വിഷം കിടക്കുന്നതു കണ്ടു. കുഞ്ഞുറുമ്പും പൊൻ പല്ലിയും വളരെ സൂക്ഷിച്ചേ മേശപ്പുറത്തു പോകാറുള്ളു. കുഞ്ഞുറുമ്പിന്റെ സൂത്രമാസൂത്രം മണിയൻ മൂളിപ്പറന്നു നടന്നു. മണിയൻ വന്നു മധുരമുള്ള ആ വിഷം അകത്താക്കി മണിയൻ തലകറങ്ങി വീഴുന്നത് കുഞ്ഞുറുമ്പും പൊൻ പല്ലിയും കണ്ടു കുഞ്ഞുറുമ്പു പറഞ്ഞ കാര്യം മണിയൻ ഓർത്തുകാണും ആരും കാണാതെ ഓടിച്ചെന്നു മണിയനെ രണ്ടുപേരും കൂടി എടുത്തു താഴെ ഇറക്കി കുറച്ചുവെള്ളം കൊടുത്തു. വെള്ളം കുടിച്ചു കുറച്ചു കഴിഞ്ഞപ്പോൾ മണിയന് അനക്കം വച്ചു കണ്ണു തുറന്നു. കുഞ്ഞുറുമ്പും പൊൻപല്ലിയും മണിയനെ തൂത്തുതുടച്ച് അരികെ ഇരുന്നു. മണിയൻ പതുക്കെപ്പതുക്കെ എഴുനേറ്റിരുന്നു. ആ ചിറകുകൾ ഒന്നു വിരിച്ചു പറക്കാൻ ഒരുങ്ങി വീണ്ടും അവിടെ തന്നെ ഇരുന്നു. കുഞ്ഞുറുമ്പ് മണിയന്റെ മുഖത്ത് വെള്ളം തളിച്ചു. അതാ മണിയൻ പറന്നു പറന്ന് അകലുന്നു. അങ്ങനെ എങ്ങോ പോയി മറഞ്ഞു പിന്നെ ആ വഴക്കു മണിയൻ വന്നിട്ടില്ല. മണിയനെ കാണാഞ്ഞതിൽ വീട്ടമ്മയ്ക്കു സന്തോഷമായി.

**വറുഗീസ് കിഴക്കേമുറി**

പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കൊണ്ട്



KUNJUMON,
ROSAMMA
BIJU & BINU
Bhandup, Mumbai

177-ാം ഓർമ്മപ്പെരുന്നാൾ
20-05-2002



പുന്നത്ര മാർ ദിവന്നാസ്യോസ് ത്യതീയൻ
11-ാം മലങ്കര മെത്രാപ്പോലീത്ത
കോട്ടയം ചെറിയപള്ളി
1817-1825

*For Favours Received*
P. JACOB THOMAS
A-1, Purackal Gardiens
Veeyapuram P.O., Harippad



മനുഷ്യന് ലഭിക്കാവുന്ന എല്ലാ അനുഗ്രഹങ്ങളുടെയും വിശേഷാവകാശങ്ങളുടെയും ആകെ തുകയാണ് ദൈവരാജ്യം. പാപക്ഷമ, ആത്മസംതൃപ്തി, നിത്യരക്ഷ തുടങ്ങി മനുഷ്യന് ആവശ്യമായിരിക്കുന്നതെല്ലാം അവിടെ ലഭിക്കുന്നു. അതുകൊണ്ടാണ് ഇതിൽ പ്രവേശിക്കുവാൻ ലോകത്തിൽ വിലയേറിയതെല്ലാം ഉപേക്ഷിക്കുവാൻ മനുഷ്യൻ തയാറാകുന്നത്. (മത്തായി 6:33; 13:44,46).

# സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

**കെ.വി. ചാണ്ടി, വസായ്**

"ദൈവരാജ്യം" അഥവാ "സ്വർഗ്ഗരാജ്യം" യേശുക്രിസ്തുവിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപദേശമായിരുന്നു. നശിച്ചു പോകാത്ത ഈ രാജ്യത്തെയും യേശു ക്രിസ്തുവായ രാജാവിനെയും കുറിച്ചുള്ള പ്രവചനം ഇവിടെ സ്ഥാപിക്കുകയാണ്.

പഴയനിയമത്തിലെ പ്രവചനങ്ങൾ പുതിയ നിയമത്തിൽ പൂർത്തീകരിക്കപ്പെടുന്നതായിട്ടു കാണാം. അതായത് പഴയ നിയമത്തിൽ പുതിയത് മറഞ്ഞു കിടക്കുന്നു. പുതിയ നിയമത്തിൽ പഴയതു വ്യക്തമായി തീരുന്നു.

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ" (മത്താ. 3:1) എന്ന് യോഹന്നാൻ സ്നാപകൻ യഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു. യേശു ക്രിസ്തുവിന്റെ വരവിനെ ക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു തരുന്നുണ്ട്.

യഹൂദന്മാരുടെ പ്രതീക്ഷ മശിഹാ രാജാവായിവരുമെന്നും തന്റെ രാജത്വം ലോക രാഷ്ട്രങ്ങളുടെ ഇടയിൽ സ്ഥാപിക്കപ്പെടുമെന്നും, ലൗകികമായ ഐശ്വര്യവും പ്രതാപവും അവർക്ക് കൈവരുമെന്നുമൊക്കെയായിരുന്നു അവരുടെ ന്യായപ്രമാണപ്രകാരം കരുതിയിരുന്നത്. യഹൂദന്മാർ ദൈവരാജ്യം ലോകത്തിൽ ആകസ്മീകമായി ആവിർഭവിക്കും എന്നു കുരുതിയപ്പോൾ യേശു ക്രിസ്തു, ഒരു വിത്തു കിളിർത്തു വന്ന് വൃക്ഷമായി തീരുന്നതുപോലെ സാവധാനത്തിലും അദൃശ്യവുമായിട്ടായിരിക്കും ദൈവരാജ്യം വ്യാപിക്കുന്നതെന്ന് പഠിപ്പിച്ചു.

സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള ഉപമകൾ വി. വേദപുസ്തകത്തിൽ കൊടുത്തിരിക്കുന്നതു പരിശോധിച്ചാൽ അതിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കാൻ സാധിക്കും.

1) വിവാഹ സദ്യയുടെ ഉപമ

സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സദൃശം (മത്തായി 22:1). ഈ ഉപമയിലൂടെ കർത്താവ് 5 കാര്യങ്ങൾ വെളിപ്പെടുത്തി കാണിക്കുന്നു:-

i) തന്റെ ദൈവപുത്രത്വം, ii) പ്രവാചക ദൗത്യങ്ങൾ iii) യരുശലേമിനു സംഭവിപ്പാനിരിക്കുന്ന നാശം iv) യഹൂദന്മാർ പുറത്താകും. v) ജാതികളുടെ പ്രവേശനവും, അതിൽ തന്നെ, കല്യാണവിരുന്നിന് അർഹരാകുന്നതോടൊപ്പം (തന്നെ ക്രിസ്ത്യാനികളാകുന്നത്) അനുതാപവും പുണ്യജീവിതവും ആവശ്യമാണെന്ന് ജാതികൾക്കുള്ള മുന്നറിയിപ്പും നൽകുന്നു. വിവാഹത്തെ ഉപമാനമായി പഴയ നിയമത്തിൽ പല സ്ഥാനത്തും പറഞ്ഞിട്ടുണ്ട്. (ഏശാ. 54:4; 62:4).

2) മുന്തിരിത്തോട്ടത്തിലെ കൂലിക്കാർ

"സ്വർഗ്ഗരാജ്യം തന്റെ മുന്തിരിതോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന് പുലർച്ചെയ്ക്കു പുറപ്പെട്ട വീട്ടുടയവനോടു സദൃശം" - (മത്താ. 20:1). ഇവിടെ പിമ്പന്മാർ മുമ്പന്മാരും, മുമ്പന്മാർ പിമ്പന്മാരും ആകുന്നതായിട്ടു കാണാം.

**3) ദൈവരാജ്യത്തിന്റെ സ്വഭാവങ്ങളെ എടുത്തുകാണിക്കുന്നു - (മത്തായി 13)**

i) സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വെച്ച നിധിയോടു സദൃശം; ii) സ്വർഗ്ഗരാജ്യം നല്ല കടുകു മണിയോട് സദൃശം; iii) സ്വർഗ്ഗരാജ്യം നല്ല മുത്തിനോട് സദൃശം; iv) സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സദൃശം. v) സ്വർഗ്ഗരാജ്യം നല്ല വിത്തിനോടു സദൃശം.

സുവിശേഷങ്ങളിൽ കാണുന്ന ദൈവരാജ്യത്തിന്റെ നിർവചനങ്ങളെ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

1. മനുഷ്യ ഹൃദയങ്ങളിൽ ഉടലെടുക്കുന്ന ദൈവീക വിധേയത്വം അഥവാ മനുഷ്യന്റെ ഉള്ളിൽ നിന്ന് ആവിർഭവിച്ച് അവന്റെ ജീവിതത്തിന്റെ എല്ലാ അംശങ്ങളെയും-വിവാഹം, കുടുംബം, സമൂഹം, രാഷ്ട്രം-രൂപാന്തരപ്പെടുത്തുന്ന ദൈവീക ചൈതന്യം മനുഷ്യ ജീവിതത്തിൽ നിത്യമായ, നീതി പൂർവ്വമായ ഒരു പരിവേഷം ദൈവരാജ്യത്തിൽ നൽകപ്പെടുന്നു.

2. മനുഷ്യന് ലഭിക്കാവുന്ന എല്ലാ അനുഗ്രഹങ്ങളുടെയും വിശേഷാവകാശങ്ങളുടെയും ആകെത്തുകയാണ് ദൈവരാജ്യം. പാപക്ഷമ, ആത്മസംതൃപ്തി, നിത്യരക്ഷ തുടങ്ങി മനുഷ്യന് ആവശ്യമായിരിക്കുന്നതെല്ലാം അവിടെ ലഭിക്കുന്നു. അതുകൊണ്ടാണ് ഇതിൽ പ്രവേശിക്കുവാൻ ലോകത്തിൽ വിലയേറിയതെല്ലാം ഉപേക്ഷിക്കുവാൻ മനുഷ്യൻ തയാറാകുന്നത്. (മത്തായി 6:33; 13:44,46).

3. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന സാർവ്വ ലൗകീകമായ വ്യവസ്ഥിതിയാണ് ദൈവരാജ്യം. "രാജ്യം" എന്നത് നാനാത്വത്തെയും ബാഹുല്യത്തെയും കാണിക്കുന്നു. (ഉദാ. വല, വൃക്ഷം, വയൽ തുടങ്ങിയ ഉപമകൾ).

4. ആത്മീകവും അലൗകീകവുമായ മേഖല, മനുഷ്യ ജാതിയെ അതിന്റെ യഥാർത്ഥ വാസസ്ഥലം സ്വർഗ്ഗമാണെന്ന് ഉദ്ബോധിപ്പിക്കുകയാണ് - ദൈവരാജ്യം പ്രഖ്യാപനം ചെയ്യുന്നത്. നശ്വരവും ജഡീകവുമായ ഈ ലോകത്തിനപ്പുറം നിത്യവും ആത്മീകവുമായ ഒരു ലോക മുണ്ടെന്നുള്ള വെളിപാടാണിത്.

5. ദൈവരാജ്യം യേശുക്രിസ്തുവിന്റെ ആഗമനത്തോടെ ഈ ലോകത്തിൽ സ്ഥാപിതമായി. അതിന്റെ പൂർണ്ണമായ അവസ്ഥ കൈവരുന്നത് തന്റെ രണ്ടാമത്തെ വരവിലാണ്. അഥവാ ദൈവരാജ്യം വർത്തമാനകാലത്തിലെ യാഥാർത്ഥ്യവും ഭാവികാലത്തെ പ്രത്യാശയുമാണ്.

ദൈവരാജ്യത്തിന് അവകാശികൾ

"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്താ. 5:3)


നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്താ. 5:10)

വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല. (യോഹ. 3:5). വി. മാമോദീസായിൽ കൂടി ഇതു പ്രാപിച്ചു കഴിഞ്ഞവരാണ് നമ്മൾ. ഇതിൽക്കൂടി നമുക്കു ലഭിക്കുന്നത് - ശുദ്ധീകരണം, വീണ്ടും ജനനം, പാപമോചനം, ക്രിസ്തുവിനോടും സഭയോടുമുള്ള ഐക്യം, പരിശുദ്ധാത്മ ദാനം.

## ചരമ വാർഷികം



കോട്ടയം പഴയ സെമിനാരി (1930–1960) കാതോലിക്കേറ്റ് അരമന (1960–1976) എന്നിവയുടെ മാനേജരായും മലങ്കര സഭാ മാസികയുടെ ചീഫ് എഡിറ്ററായും ദീർഘനാൾ സേവനമനുഷ്ഠിച്ച ചീരംചിറ തലക്കുളത്ത് റവ. ഫാദർ ടി.സി. ജേക്കബിന്റെ 26–ാം ചരമവാർഷികം 2002 ഏപ്രിൽ 14–ന് ചീരംചിറ സെന്റ് മേരീസ് പള്ളിയിൽ ആചരിച്ചു. കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമ്മികത്വം വഹിച്ചു.



Rahelamma Chacko Jaipur · Pradeep Bombay · ഒരു വിശ്വാസി വാളക്കുഴി
Mrs. Zacharia · Thankamma, Ahmedabad

# ക്രൈസ്തവ സഭയുടെ മൂന്നു മുഖങ്ങൾ

ഗ്രന്ഥകർത്ത:- വെരി. റവ. സിറിൽ റമ്പാൻ, കുറിയാക്കോസ് സെമിനാരി, കുണ്ടറ, വില:- 40

വെരി. റവ. സിറിൽ റമ്പാൻ ക്രൈസ്തവ ആശ്രമ പ്രസ്ഥാനങ്ങളെക്കുറിച്ചു പഠിക്കുന്നതിനുവേണ്ടി നടത്തിയ പഠന യാത്രകളുടെ വിവരണമാണ് 'ക്രൈസ്തവ സഭയുടെ മൂന്നു മുഖങ്ങൾ.' ഇത് അഭിവന്ദ്യ റമ്പാച്ചന്റെ പതിനഞ്ചാമത്തെ പുസ്തകമാണ്. ഭൂമി ശാസ്ത്ര, ചരിത്ര വസ്തുതകളും ഈ ഗ്രന്ഥത്തിലുണ്ട്.

അതിപുരാതനമായ ദേവാലയങ്ങളും അത്ഭുതാശ്രമങ്ങളും രക്തസാക്ഷികളുടെ ദിവ്യാസ്ഥികളും അത്യത്ഭുത ഐക്കണുകളും പുണ്യസ്ഥലങ്ങളും പുണ്യ ശ്മശാനക്കബറിടങ്ങളും നേരിട്ടു കാണുമ്പോഴുള്ള അനുഭൂതിയാണ് ഈ പുസ്തകം വായിക്കുന്ന ഓരോ വ്യക്തിക്കും ഉണ്ടാകുക. താൻ നേരിട്ടനുഭവിച്ചറിഞ്ഞ കാര്യങ്ങൾ അതിന് അവസരം ലഭിക്കാത്തവർക്കുകൂടി പ്രയോജനപ്പെടണം എന്ന ലക്ഷ്യത്തോടെയാണ് ഗ്രന്ഥകാരൻ രചന നടത്തിയിരിക്കുന്നത്.

പരിശുദ്ധ സ്തേഫാനോസിന്റെ കല്ലേറു പാടുള്ള തലയോട്ടിയും വണ്ടിച്ചക്രങ്ങൾക്കടിയിലും ഈർച്ചവാളാലും പീഡയേറ്റു മരിച്ച ഗീവറുഗീസ് സഹദായുടെ കരവും നമ്മുടെ കൺമുമ്പിൽ കാണുമ്പോൾ ഓരോ വിശ്വാസിക്കും രോമാഞ്ചവും കണ്ണുനീരും, ഹൃദയത്തുടിപ്പും ഉളവാക്കുന്നതാണെന്ന് ഗ്രന്ഥകാരൻ പറയുന്നു. ഓരോ സ്ഥലത്തെയും കാഴ്ചകൾ വിവരിക്കുമ്പോൾ അതിന്റെ ചരിത്ര പശ്ചാത്തലത്തിലേക്ക് ഗ്രന്ഥകാരൻ അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നു എന്നുള്ളതാണ് ഈ പുസ്തകത്തിന്റെ മറ്റൊരു സവിശേഷത.

റോമിലെ അതിപുരാതന കലാസാംസ്ക്കാരികമുഖം, മൗണ്ട് ആഥോസിലെ മനോഹര ആദ്ധ്യാത്മിക മുഖം, സൈപ്രസിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പീഡിതമുഖം എന്നിവയാണ് പ്രധാന പ്രതിപാദ്യ വിഷയങ്ങൾ. ടർക്കിയുടെ ആക്രമണം കൊണ്ട് കിഴക്കേ റോമൻ സാമ്രാജ്യ തലസ്ഥാനമായ കോൺസ്റ്റാന്റിനോപോളിലെ അതിമനോഹരമായ സോഫിയാ കത്തീഡ്രൽ മോസ്കായി മാറിയത് മിക്കവർക്കും അറിയാമെങ്കിലും ടർക്കിയുടെ വളരെ ഏറെ പീഡകൾ നാം അറിയാത്തത് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥത്തിൽ മൗണ്ട് ആഥോസിലെ ഇരുപതിൽ, ഗ്രന്ഥകാരൻ സന്ദർശിച്ച 14 സന്യാസാശ്രമങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, സന്യാസ പ്രസ്ഥാനത്തെക്കുറിച്ച് നമുക്ക് അറിയാൻ പാടില്ലാത്ത പല കാര്യങ്ങളും വെളിവാക്കി തരുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ ആശ്രമ പ്രസ്ഥാനങ്ങളെക്കുറിച്ച് ഒരു പുനർവിചിന്തനത്തിനും ഈ ഗ്രന്ഥം വാതിൽ തുറക്കുന്നുണ്ട്. മൗണ്ട് ആഥോസ് പോലുള്ള ആശ്രമങ്ങളിലെ അന്തേവാസികൾ പ്രാർത്ഥനയ്ക്കുവേണ്ടി മാത്രം ജീവിക്കുന്നവരാണ്. ബാഹ്യലോകവുമായി അവർക്ക് യാതൊരു ബന്ധവുമില്ല.

സാബു ജേക്കബ്, മീനടം


## കേരളത്തിലെ ക്രിസ്തീയ സഭകൾ

*(ചരിത്രം, പൊതുവിവരങ്ങൾ)*

പരിഷ്കരിച്ച രണ്ടാം പതിപ്പ്

ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ പുരസ്കാരം നേടിയ ഗ്രന്ഥം

ഗ്രന്ഥകർത്താ - **കെ.യു. ജോൺ.** ഫോൺ - 0482 - 802254

ചേര, ചോള, പാണ്ഡ്യ രാജ്യങ്ങൾ ചേർന്ന തമിഴകത്തിൽ മാർത്തോമ്മായുടെ ആഗമനകാലത്ത് നിലവിലിരുന്ന ഭാഷകൾ, മതങ്ങൾ, വർഗ്ഗങ്ങൾ, സാമൂഹ്യവ്യവസ്ഥിതി എന്നിവയെപ്പറ്റിയുള്ള പഠനം.

മാർ തോമ്മായുടെ സുവിശേഷ പ്രഘോഷണപര്യടനം, സപ്ത ദൈവാലയങ്ങൾ, തിരുവിതാംകോടു പള്ളി, മൈലാപ്പൂർ സഭ കബറിടം - അസന്ദിഗ്ദ്ധ തെളിവുകൾ

കേരളത്തിലെ കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, യാക്കോബായ, സി.എസ്.ഐ., കൽദായ സുറിയാനി, സ്വതന്ത്ര സുറിയാനി, ഇവാൻജലിക്കൽ, നവാഗതപൗരോഹിത്യ രഹിത സഭകൾ - വിശദവിവരം


നിലയ്ക്കലിൽ ലോകത്തിലെ പ്രഥമ എക്യുമെനിക്കൽ പള്ളിയും സെന്റ് തോമസ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റും

നിഷ്പക്ഷ ചരിത്ര പഠനം - സചിത്ര ഗ്രന്ഥം - വില രൂപാ. 100/-

| | |
|---|---|
| C.S.S. ബുക്ക് ഡിപ്പോ,<br>കുരിശുകവല, തിരുവല്ലാ<br>ഫോൺ : 0473 - 630389 | M.G.O.C.S.M.<br>Book Shop, Student Centre<br>Kottayam 1. Ph : 0481 - 567338 |





# കരുണം തേടുന്ന വാർദ്ധക്യം

സൗമ്യ മറിയം ജോസ്,
പാറക്കടവിൽ

പ്രകാശഗോളങ്ങൾക്കുമപ്പുറത്തേക്ക് യാത്രയായ പിതാമഹന്റെ ചൈതന്യം എന്റെയുള്ളിലെവിടെയോ സ്പർശിച്ചു. സമ്മിശ്ര വികാരങ്ങളോടെയാണ് ഞാൻ വൃദ്ധ ഭവനത്തിലെത്തിയത്. അവിടെ ഞാൻ അഭിമുഖികരിക്കേണ്ടിവരുന്ന വിവിധ മുഖങ്ങളെക്കുറിച്ചുള്ള ചിന്ത എന്നിൽ തെല്ലൊരാശങ്കയുളവാക്കി. ഇങ്ങനെയൊരു യാത്രയ്ക്ക് നിമിത്തമായത് മനഃശാസ്ത്രപഠനത്തിന്റെ ഭാഗമായ പ്രോജക്റ്റാണ്. പരിയപ്പെടലിനൊടുവിൽ ആശങ്കകളെല്ലാം വഴിമാറി.

മക്കളുടെ തിരക്കേറിയ ജീവിത പന്ഥാവിൽ വിലങ്ങുതടിയാകാതെ സ്വയം വൃദ്ധസദനം തിരഞ്ഞെടുത്തവർ, മക്കൾക്ക് അധികപ്പറ്റായി തോന്നി തുടങ്ങിയപ്പോൾ വൃദ്ധസദനത്തെ അഭയം പ്രാപിച്ചവർ, മക്കളുടെ നിർബന്ധത്തിനു വഴങ്ങി വന്നുചേർന്നവർ, ഇങ്ങനെ നീണ്ടുപോകുന്നു അവരുടെ പട്ടിക. കുട്ടിക്കാലത്തേ പരിചിതമായ ഒരു മുഖം അവിടെ കണ്ടപ്പോൾ എന്റെയുള്ളിലെവിടെയോ ഒരു വേദന പടർന്നു. ഏകാന്തതയുടെ കരവലയത്തിൽ ആ ഹൃദയം നുറുങ്ങുന്നതു ഞാൻ കണ്ടു. തന്റെ മക്കൾ തന്നെ ആ ഹൃദയത്തിൽ മുറിവായ് നിറുന്നു. ഭാര്യയുടെ മരണം ആ ജീവിതം ഏകാന്തമാക്കി, അതു വരുത്തിയ വടുക്കൾ ഏറെയാണെന്ന് അദ്ദേഹത്തിന്റെ ജീവിതരീതി വിളിച്ചോതി.

ഇത്രയും നേരം സംസാരിച്ച് എന്റെ മോൾ ക്ഷീണിച്ചുകാണും എന്ന് പറഞ്ഞ് സ്നേഹത്തോടെ കാപ്പി തന്ന് സത്കരിച്ച അമ്മച്ചി, മക്കൾ തമ്മിലുള്ള മത്സരത്തിൽ സ്വന്തം വീട് നഷ്ടമായി വൃദ്ധസദനത്തിലഭയം പ്രാപിച്ചിരിക്കുന്നു. ജീവിതം വെറും അറുപതാം വയസ്സിൽ തന്നെ ഇവിടെയെത്തിച്ചു എന്നു നെടുവീർപ്പിടുന്ന മറ്റൊരു മുഖം.

ഒന്നിനും അർത്ഥമില്ല എന്ന് ജീവിതം തന്നെ പഠിപ്പിച്ചു എന്ന പറയുന്ന സ്വാമി മാഷ്. "നിങ്ങൾ നടത്തുന്ന പഠനമെല്ലാം അർത്ഥശൂന്യമാണ്, ഒന്നുകൊണ്ടും ഒന്നും നേടുന്നില്ല." ഭാര്യയും മക്കളും ഉപേക്ഷിച്ച ആ ജീവിതം വെള്ളത്തിലെ ഓളങ്ങ പോലെ ഇന്നും.


മറവിയുടെ കരവലയത്താൽ ബന്ധിതയായി തൊണ്ണൂറ്റി രണ്ടാം വയസ്സിൽ വൃദ്ധസദനത്തിലെ ഭക്ഷണത്തെ ശപിച്ചു കഴിയുന്ന മുത്തശ്ശി, താൻ ഉണ്ടാക്കിയിരുന്ന ഭക്ഷണത്തിന്റെ സ്വാദ് വിളമ്പിത്തരുന്നു. വിദേശത്തുള്ള പ്രിയ മകന്റെ വരവിനായി നാളുകളെണ്ണിക്കഴിയുകയാണാ അമ്മ.

പേരും പെരുമയുമുള്ള ഭവനത്തിൽ സമ്പന്നതയുടെ നടുവിൽ മക്കൾ ജീവിതം ആഘോഷിക്കുമ്പോൾ ഏകാന്തതയുടെ നടുവിൽ, ജീവിതത്തിന്റെ ഇരുട്ടറയിൽ ജീവിതം തള്ളിനീക്കുന്ന മനുഷ്യർ. അവൻ നമ്മുടെ സ്നേഹവും കരുതലും കാംക്ഷിക്കുന്നവരാണ്, അർഹിക്കുന്നവരാണ്.

വാർദ്ധക്യം വരുത്തിയ പരിമിതികൾ അവരുടെ ലോകം ചെറുതാക്കുന്നു. ആ ലോകത്തിലേക്ക് വല്ലപ്പോഴുമെത്തുന്ന സന്ദർശകരിലേക്കും എപ്പോഴെങ്കിലും മുഴങ്ങുന്ന ടെലിഫോൺ നാദത്തിലേക്കും കണ്ണും കാതും കൂർപ്പിച്ചവരിരിക്കുന്നു. നമ്മുടെ നാട്ടിലെ വൃദ്ധസദനങ്ങളിൽ പാർക്കുന്നവർ സംതൃപ്തരാണോ? തിരക്കു പടിച്ച ജീവിത ക്രമത്തിൽ ക്രമം തെറ്റിയ ജീവിതങ്ങളെക്കുറിച്ചു ചിന്തിക്കുവാനാർക്കു നേരം?

ഇനിയെന്നു വരും മോളേ? എന്ന ചോദ്യത്തിനൊരുത്തരമേകാനാകാതെ ഞാനിറങ്ങി എന്റെ മുത്തശ്ശിയുടെ അരികിലേക്ക്. പിറ്റേ ദിവസത്തെ യാത്ര റദ്ദാക്കി എല്ലാ തിരക്കിൽ നിന്നും ഒഴിഞ്ഞ് എന്റെ മുത്തശ്ശിയോടൊപ്പം ഞാൻ ഒരു ദിവസം പങ്കിട്ടു.

# 4-ാം ചരമ വാർഷികം
## 3-5-2002



*Inserted by*

Annamma Itty (wife)
V.I. George & Ciji George (Manipal)
V.I. Thomas & Bijili Thomas (Vazhoor)
V.I. Jolly & Johnson Joseph
(Mulanthuruthy)

## വി.വി. ഇട്ടി (ഇട്ടിസാർ)

**സെന്റ് ജോർജ്ജ് ബാങ്കേഴ്സ്, വാഴൂർ**

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626



# "യിസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ചവനായ......"

ശലോമോന്റെ പുത്രനായ രെഹബെയാമിന്റെ നയവൈകല്യവും, കഠിന സംസാരവും മൂലം വിഘടിച്ചു പേയ യിസ്രയേൽ ഗോത്രങ്ങളുടെ നേതൃത്വമേറ്റെടുത്ത നെബാത്തിന്റെ മകനായ യൊരോബെയും വടക്കേ രാജ്യമെന്ന യിസ്രയേൽ രാഷ്ട്രം സ്ഥാപിച്ച് ഭരണം തുടങ്ങി. യരുശലേമിനോടുള്ള ഭക്തി മൂലം ജനങ്ങൾ യാഗം കഴിക്കാൻ അവിടേക്കു പോകുന്നതാകയാൽ അവരുടെ ഹൃദയം ക്രമേണ രെഹബെയായിലേക്കു ചായുകയും തന്റെ സ്ഥാനം നഷ്ടമാകയും ചെയ്യുമെന്നു ഭയപ്പെട്ടു. ജനങ്ങൾ യരുശലേമിലേക്കു പോകുന്നത് ഒഴിവാക്കാനായി ബദൽ ആരാധനാസ്ഥലവും, ഉത്സവങ്ങളും ഏർപ്പെടുത്തി. പൊൻ കാളക്കുട്ടികളെ ഉണ്ടാക്കി ബഥേലിൽ സ്ഥാപിച്ചു. "ഇതാ നിന്നെ യിസ്രയിമിൽ നിന്നുകൊണ്ടു വന്ന നിന്റെ ദൈവം" എന്നും പറഞ്ഞ് ലേവ്യരല്ലാത്ത പുരോഹിതന്മാരെയും നിയമിച്ച് ഉത്സവവും നിശ്ചയിച്ചു. അങ്ങനെ സത്യദൈവമായ യഹോവയിങ്കൽ നിന്ന് യിസ്രയേൽ ജനതയെ വിടർത്തി വിഗ്രഹാരാധനയിലെത്തിച്ചു. പിന്നെ ദൈവനിന്ദയും, കല്പന ലംഘനങ്ങളുടെ തുടർച്ചയുമായിരുന്നു. ഇങ്ങനെ ജനങ്ങളുടെ മുഴുവൻ തെറ്റുകളുകെയും പൂർണ്ണ ഉത്തരവാദി യൊരോബയാം ആയിത്തീർന്നു. ഇതു മൂലം "യിസ്രയേലിനെ കൊണ്ടു പാപം ചെയ്യിച്ചവനായ യൊരോബെയാം" എന്ന നാമധേയം ഉണ്ടായി. രണ്ടു രാജ്യങ്ങളായി പിരിഞ്ഞ ഭരണം നടത്തിയ 19 യിസ്രയേൽ രാജാക്കന്മാർ എല്ലാവരും, 21 യഹൂദ്യരാജാക്കന്മാരിൽ 7 പേരൊഴികെയുള്ള 14 പേരും യഹോവയെ വിട്ട് അന്യ ദേവന്മാരെ ആരാധിച്ചവരായിരുന്നു. ഈ 33 പേരുടേയും പേരിനോട് ചേർന്ന് "അവൻ, യിസ്രയേലിനെക്കൊണ്ടു പാപം ചെയ്യിച്ചവനായ യൊരോബെയാമിന്റെ വഴിയിൽ നടന്നു" എന്നാണ് ബൈബിളിലെ രാജാക്കന്മാരുടെ പുസ്തകം ഒന്നും രണ്ടും ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 50-ലധികം പ്രാവശ്യം ഈ വാചകം ആവർത്തിച്ചിട്ടുണ്ട്. "ജനങ്ങളെക്കൊണ്ടു പാപം ചെയ്യിച്ചവൻ" എന്ന് സ്ഥിരപ്രതിഷ്ഠ നേടിയ ആളാണ് യൊരോബെയാം.

മലങ്കര സഭയിലും ചില വിഘടിതർ അനധികൃതമായി സ്വയം സ്ഥാനമാനങ്ങൾ, സൃഷ്ടിച്ച്, ബദൽ സംവിധാനങ്ങൾ ഉണ്ടാക്കി, അണികളെ സംഘടിപ്പിച്ച്, ജനങ്ങളെ തെറ്റിച്ച് അപഥസഞ്ചാരത്തിന് പ്രേരിപ്പിക്കുന്നവരായി കാണുന്നു. സ്വന്തം സ്ഥാനമുറപ്പിച്ച്, അനർഹമായ പദവികൾ ഉണ്ടെന്നു നടിക്കുന്നതിലൂടെ യൊരോബെയാമിന്റെ പിൻഗാമികളായിത്തീരുകയാണവർ. ദൈവകോപം സ്വയം വിളിച്ചു വരുത്തുന്ന ആ പടിയാണിത്. അധികാരമോഹമാണ് ഇതിനു പിന്നിലുള്ളതെന്ന് പകൽ പോലെ വ്യക്തം. ദൈവത്തിന്റെ സഭയെ നശിപ്പിക്കുന്ന ജനതയെ തെറ്റിക്കുന്ന ഈ നടപടിയിൽ നിന്നു പിന്മാറി അനുതപിക്കുന്നതാണ് ദൈവ ശിക്ഷയിൽ നിന്ന് ഒഴിവാകാനുള്ള മാർഗ്ഗം.

(ഒരു സഭാ സ്നേഹി.)

## ഗാർഡൻ സിറ്റി ഇടവകയ്ക്കു സ്വന്തമായ് ദേവാലയം

**ന്യൂയോർക്ക്:-** സഭാപിതാവായ വലിയ മാർ ബസ്സേലിയോസിന്റെ നാമത്തിൽ ന്യൂയോർക്കിലെ ഗാർഡൻ സിറ്റിയിൽ പത്തു വർഷം മുമ്പ് ആരംഭിച്ച സെ. ബേസിൽ ഇടവകയ്ക്ക് സ്വന്തമായ ദേവാലയം എന്ന സ്വപ്ന സാക്ഷാത്ക്കാരം. ഇടവകയ്ക്കു വേണ്ടി ഫ്രാൻക്ലിൻ സ്ക്വയെർ-ൽ പുതുതായി പണി കഴിപ്പിച്ച മനോഹരമായ ദേവാലയത്തിന്റെ കൂദാശ ഒക്ടോബോർ 12, 13, 14 തീയതികളിൽ ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ശുദ്ധീകരണ ശുശ്രൂഷകൾക്കുള്ള ഒരുക്കമായി വികാരി ഫാ. തോമസ് പോളിന്റെ പ്രത്യേക നിർദ്ദേശാനുസരണം ഇടവക ജനങ്ങൾ 1 മുതൽ 12 വരെ തീയതികളിൽ നോമ്പ് അനുഷ്ഠിക്കുകയുണ്ടായി. 12-ാം തീയതി വെള്ളിയാഴ്ച രാവിലെ അഭിവന്ദ്യ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ ഉപവാസ പ്രാർത്ഥനയും ധ്യാനവും നടന്നു.

13 ശനിയാഴ്ച വൈകിട്ട് ദേവാലയ ശുദ്ധീകരണ ശുശ്രൂഷകൾ നടത്തുകയും യറുശലേമിലെ സെ. മാർക്ക് ദയറാ (മർക്കോസിന്റെ മാളികയിൽ) നിന്നും ലഭിച്ച പുരാതനമായ കുരിശ് ത്രോണോസിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

## കുരിശുമുട്ടം പള്ളി ജൂബിലി ആഘോഷിക്കുന്നു



**അയിരൂർ:-** കുരിശുമുട്ടം സെ. സ്റ്റീഫൻസ് ഇടവക കനക ജൂബിലി ആഘോഷിക്കുന്നു. 1953-ൽ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ആശീർവദിച്ച് ഇടവകയായ ദേവാലയം 2003-ൽ 50 വർഷം തികയുകയാണ്. 2002 മെയ് മുതൽ 2003 ജനുവരി വരെ വിവിധ ആഘോഷപരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. 12-ാം തീയതി ഞായറാഴ്ച ജൂബിലി ഉദ്ഘാടനം ഫീലിപ്പോസ് മാർ യൗസേബിയോസ് നിർവ്വഹിച്ചു. അതേ തുടർന്ന് മാതൃപിതൃ പൂജയും മാർ യൗസേബിയോസ് സപ്തതി സ്മാരക വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ ഉദ്ഘാടനം ജോസഫ് എം. പുതുശ്ശേരി എം.എൽ.എ.യും നിർവ്വഹിച്ചു.

# പരിശുദ്ധിയുടെ നിറവാർന്ന 125 വർഷങ്ങൾ കൊല്ലം ഭദ്രാസനത്തെപ്പറ്റി ഒരു അവലോകനം

ഫാ. പി. ജോർജ്ജ്, കറ്റാനം

ആത്മീയ പരിശുദ്ധിയുടെ നിറവിൽ, 125 വർഷങ്ങൾക്കു മുൻപ് അതായത് 1876 ലാണ് അങ്കമാലി, കൊച്ചി, കണ്ടനാട്, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നീ ഭദ്രാസനങ്ങൾ രൂപീകരിച്ചത്. അതിന്റെ ദീപ്തമായ ഓർമകൾ ആഘോഷപൂർവ്വം കൊണ്ടാടുകയാണല്ലോ നാം. 1876 ൽ മലങ്കരയിൽ എത്തിയ അന്ത്യോഖ്യായുടെ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ചൈതന്യവത്തായ നേതൃത്വത്തിലാണ് മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചത്.

ഇവയുടെ കൂട്ടത്തിൽ കൊല്ലം ഭദ്രാസനത്തിന് അദ്വിതീയ സ്ഥാനമാണുള്ളത്. ഇത് കൊല്ലം മുതൽ ചെങ്കോട്ട വരെയും മാവേലിക്കര മുതൽ കന്യാകുമാരി വരെയും വ്യാപിച്ചിരുന്നു. എന്നാൽ 1979 ൽ കൊല്ലം, തിരുവനന്തപുരം എന്നീ ഭദ്രാസനങ്ങളായി വിഭജിക്കപ്പെട്ടു, തിരുവനന്തപുരം ഭദ്രാസനം രൂപം കൊണ്ടതിനു ശേഷം ദേവാലയങ്ങളുടെ എണ്ണത്തിലും ജനസംഖ്യയുടെ വ്യാപ്തിയിലും ഇന്നു മുന്നിൽ നിൽക്കുന്നത് കൊല്ലം ഭദ്രാസനമാണ്. ഇതിന്റെ കീഴിലുള്ള ദേവാലയങ്ങൾ ഇപ്പോൾ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി നിലകൊള്ളുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു കേരളത്തിൽ 14 ഭദ്രാസനങ്ങളും ഇന്ത്യയിലൊട്ടാകെ 4 ഭദ്രാസനങ്ങളും വിദേശത്ത് 2 ഭദ്രാസനങ്ങളുമാണുള്ളത്.

125 വർഷത്തെ ചരിത്രം പേറുന്ന സഭയെ ഇക്കാലമത്രയും നയിച്ച, പുരോഗമനത്തിന്റെയും പ്രശസ്തിയുടെയും പടവുകളിലെത്തിച്ച അനുഗൃഹീതരായ പിതാക്കന്മാരെപ്പറ്റിയും അവരുടെ സേവനങ്ങളെപ്പറ്റിയും ലളിതമായിയൊന്നു പരാമർശിക്കുന്നത് ഉചിതമായിരിക്കും.

**1. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ**

മലങ്കര സഭയുടെ നടുനായക പദവി അലങ്കരിച്ച്, സഭാചരിത്രത്തിൽ ഒളിമങ്ങാത്ത ഒർമയായിത്തീർന്ന കുന്നംകുളം പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയായിരുന്നു കൊല്ലം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത, ഭദ്രാസനത്തിലെ അംഗങ്ങളെ സഭാവിശ്വാസത്തിലും ഭക്തിയുടെ പരകോടിയിലും ഉറപ്പിച്ചു നിർത്തുവാൻ അക്ഷീണം പരിശ്രമിച്ചിരുന്നു. സേവനതൽപരനായ ആ കർമയോഗിയുടെ നിതാന്തമായ പ്രവർത്തനങ്ങളെ കൃതജ്ഞതയോടെ ഓർക്കേണ്ടത് അനിവാര്യമാണ്.

**2. പരിശുദ്ധ-പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി**

മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു കൊല്ലം ഭദ്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്ത. നിരണം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന പരുമല തിരുമേനി പിൽക്കാലത്ത് കൊല്ലം തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ഭരണ സാരഥ്യംകൂടി ഏറ്റെടുക്കുകയുണ്ടായി. സത്യവിശ്വാസത്തിന്റെ പാരമ്യതയിലേക്കു ജനങ്ങളെ നയിക്കുന്നതിലും വിജാതീയ മിഷൻ പ്രവർത്തനങ്ങൾ സഭയിലുടനീളം വ്യാപിപ്പിക്കുന്നതിലും ബദ്ധശ്രദ്ധനായിരുന്നു ആ മഹാത്മാവ്.

**കർമ പഥത്തിൽ ആത്മാർത്ഥതയുടെയും പരസ്പര വിശ്വാസത്തിന്റെയും ഇഴബന്ധങ്ങളിൽ കാതലായ വ്യത്യാസങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. മേൽപ്പട്ടക്കാരും പട്ടക്കാരും തമ്മിലും പട്ടക്കാരും അൽമായക്കാരും തമ്മിലുമുള്ള ബന്ധം ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുന്നു എന്നത് വേദനാജനകമാണ്.**

**3. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ**

തന്റെ കർമശേഷികൊണ്ട് പ്രതികൂല സാഹചര്യങ്ങളിലും സഭയെ ഔന്നത്യത്തിലേക്കു നയിച്ച ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു ഭദ്രാസനത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്ത. (പിന്നീട് മലങ്കരയുടെ മൂന്നാമത്തെ കാതോലിക്ക പരിശുദ്ധനായ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ) തുമ്പമൺ നിരണം എന്നീ ഭദ്രാസനങ്ങളുടെ സാരഥിയായിരുന്നു അദ്ദേഹം. റമ്പാനായിരിക്കുമ്പോൾ പ. പരുമല തിരുമേനിയുടെ നിർദ്ദേശാനുസരണം കടമ്പനാട്ടു പള്ളിയിൽ താമസിച്ച് തെക്കൻ ഭദ്രാസനത്തിന്റെയും ചുമതല വഹിച്ചിരുന്നു. ഭദ്രാസനത്തിന്റെ ബഹുമുഖങ്ങളായ അഭ്യുന്നതിക്കുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനം സ്മരണാർഹമാണ്. 1929 ൽ കിഴക്കിന്റെ കാതോലിക്കയായി അവരോധിക്കപ്പെടുന്നതുവരെ അദ്ദേഹം ഈ സ്ഥാനത്തു തുടർന്നു.

**4. അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത**

റാന്നി പെരുനാട് ബഥനി ആശ്രമ അധ്യക്ഷനായിരുന്ന ഈ പുണ്യപുരുഷൻ ഭദ്രാസനത്തിന്റെ നാലാമത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്ത സ്ഥാനത്തേക്കായിരുന്നു ആദ്യം നിയമിക്കപ്പെട്ടത്. അതേ കാലത്തു തന്നെ കൊല്ലം ഭദ്രാസന ഭരണവും അദ്ദേഹം ഏറ്റെടുത്തിരുന്നു. 1938 ഏപ്രിൽ 7-ാം തീയതിയാണ് മുളന്തുരുത്തി കാർമേൽ ദയറായിൽ വച്ച് പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കബാവ, ഫാദർ അലക്സിയോസിനെ തേവോദോസ്യോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തത്. ലൗകിക സുഖസൗകര്യങ്ങൾ വെടിഞ്ഞ് തന്റെ കർമമണ്ഡലത്തിൽ നിരവധി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ ഈ ആത്മീയ നേതാവ് എക്കാലത്തും സഭയ്ക്കു പ്രചോദനമാണ്. അദ്ദേഹത്തിന്റെ കഴിവും ഭരണ തന്ത്രജ്ഞതയും എടുത്തു പറയേണ്ടതു തന്നെ.

**5. ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

കൊല്ലം ഭദ്രാസനത്തിലായിരുന്നപ്പോൾ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത എന്നായിരുന്നു തിരുമേനി അറിയപ്പെട്ടിരുന്നത്. 1953-മെയ് 15-ാം തീയതി പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവായാൽ അഭിഷിക്തനായ ഇദ്ദേഹമായിരുന്നു അടുത്ത മെത്രാപ്പോലീത്ത. 1953 ൽ സഹായ മെത്രാനായിരുന്നു. കർമ നിരതനായ സഭാധ്യക്ഷൻ, പ്രഗത്ഭനായ വാഗ്മി എന്നിങ്ങനെ വൈവിധ്യമാർന്ന സവിശേഷതകളുള്ള ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ 38 വർഷത്തെ സേവനം കൊല്ലം ഭദ്രാസന ചരിത്രത്തിന്റെ ഏടുകളിൽ സുവർണ ലിഖിതങ്ങളാണ്. 1980 മെയ് 1ന് കൂടിയ മലങ്കര അസോസിയേഷൻ അദ്ദേഹത്തെ നിയുക്ത കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തയുടെ പിൻഗാമിയുമായി, ഐക്യകണ്ഠേന തെരഞ്ഞെടുത്തു. അങ്ങനെ 1991 ൽ കാതോലിക്കായും, മെത്രാപ്പോലീത്തയുമായി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും എല്ലാ പള്ളികളിലും അദ്ദേഹം സന്ദർശനം നടത്തിയിരുന്നു. തദ്വാരാ ഇടവകാംഗങ്ങളുടെ ആത്മീയ നിലവാരം മനസ്സിലാക്കുകയും അതു കൂടുതൽ പരിപോഷിപ്പിക്കുവാൻ ആവുന്നത്ര പരിശ്രമിക്കുകയും ചെയ്തു. കക്ഷി പ്രശ്നമുള്ള പള്ളികളിൽ അദ്ദേഹം കൂടെക്കൂടെ സന്ദർശനം നടത്തിയിരുന്നു. ഈ സന്ദർശനങ്ങൾ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുവാൻ ഉതകുന്നവയായിരുന്നു. ഉദാഹരണത്തിന്, കട്ടച്ചിറ സെന്റ് മേരീസ്, പറക്കോട് മാർ അപ്രേം, കൂടൽ സെന്റ് പോൾസ്, കുണ്ടറ തെങ്ങുവിള പുത്തൻപള്ളി, മുഖത്തല സെന്റ് സ്റ്റീഫൻസ് എന്നീ പള്ളികളുടെ നിലനിൽപ്പിനുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ വിസ്താരഭയത്താൽ വിശദീകരിക്കുന്നില്ല. 1971 മുതൽ 93 വരെ ഈ ലേഖകൻ കട്ടച്ചിറ പള്ളിയിൽ വികാരിയായിരിക്കുമ്പോൾ അദ്ദേഹം നൽകിപ്പോന്ന നിസ്സീമമായ സഹായ സഹകരണങ്ങൾ പ്രാർത്ഥനാപൂർവ്വം ഓർക്കുന്നു.

**6. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത**

1985 മെയ് 15 ന് മാവേലിക്കര പുതിയകാവ് പള്ളിയിൽവച്ച് മേൽപ്പട്ടസ്ഥാനം ലഭിച്ച അഞ്ച് അഭിവന്ദ്യ തിരുമേനിമാരിൽ ഒരാളാണ് മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത. അദ്ദേഹമാണ് ഇപ്പോൾ ഈ ഭദ്രാസനത്തിന്റെ ഭരണ സാരഥ്യം വഹിക്കുന്നത്. 1991 ലാണ് മെത്രാപ്പോലീത്തയായി ചുമതലയേറ്റത്. അതിനുമുൻപ് സഹായ മെത്രാപ്പോലീത്തയായിരുന്നു. സഭയുടെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി തിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുലമായ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. വിനീതനായ സഭാശുശ്രൂഷകൻ, അഭിപ്രായ ധീരനായ ഭരണാധിപൻ. എന്നിങ്ങനെയുള്ള ഗുണങ്ങളാൽ അദ്ദേഹം ജനപ്രിയനായി മാറിയിരിക്കുന്നു. അതുല്യ വേദശാസ്ത്ര പണ്ഡിതനായ തിരുമേനി അനർഗളമായ വാഗ്ധോരണിയാൽ ശ്രദ്ധേയനാണ്. കൂടാതെ ഉൽകൃഷ്ടനായ ഒരു ധ്യാനഗുരുകൂടിയാണ് അദ്ദേഹം.

**മാർത്തോമ്മാ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും കൊല്ലം ഭദ്രാസനവും**

നിരണം ഭദ്രാസനത്തിന്റെ കാലം ചെയ്ത മാർത്തോമ്മാ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത, കൊല്ലം ഭദ്രാസനത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും. കുണ്ടറ എം.ജി.ഡി സ്ക്കൂൾ അധ്യാപകൻ, പത്തനാപുരം താബോർ ദയറായുടെ പ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരിക്കുമ്പോൾത്തന്നെ, കൊല്ലം ഭദ്രാസനത്തിലെ ജനങ്ങളുടെ ആത്മീയ നിലവാരം ഉയർത്തുന്നതിനുവേണ്ടി തിരുമേനി തന്റെ എല്ലാ കഴിവുകളും വിനിയോഗിച്ചു. ആ ശ്രേഷ്ഠ പിതാവിന്റെ നിതാന്ത പരിശ്രമഫലമായി പടുത്തുയർത്തിയ കുളക്കട, തേവലപ്പുറം, ആവണീശ്വരം, വാഴത്തോപ്പ്, പുന്തല ഇളമണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികൾ കൊല്ലം ഭദ്രാസനത്തിലേക്കു വിട്ടുകൊടുത്തു. സഭാ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളിലൊന്നാണിത്.


വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ എന്നിങ്ങനെ സേവനത്തിന്റെ നാനാതുറകളിലേക്കും സഭാ പ്രവർത്തനങ്ങൾ ഉത്തരോത്തരം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സഭാ കൗൺസിലും അഭിവന്ദ്യ മെത്രാപ്പോലീത്തായും സ്വീകരിക്കുമെന്ന് നമുക്കു കരുതാം. ഭദ്രാസനവും ഇടവകപ്പള്ളിയും പരസ്പര പൂരകമാണെന്നും ഓരോ ഭദ്രാസനവും സഭയ്ക്കുവേണ്ടിയുള്ളതാണെന്നും നാം ബോധ്യപ്പെടേണ്ടതാണ്. വൈദികരും അൽമായക്കാരും ഈ സത്യം മനസ്സിലാക്കി തങ്ങളുടെ കർത്തവ്യങ്ങൾ യഥോചിതം നിറവേറ്റിയാൽ സഭ പുരോഗതിയിലേക്കു കുതിക്കുമെന്നുള്ളത് അവിതർക്കി തമാണ്.

പക്ഷേ കർമ പഥത്തിൽ ആത്മാർത്ഥതയുടെയും പരസ്പര വിശ്വാസത്തിന്റെയും ഇഴബന്ധങ്ങളിൽ കാതലായ വ്യത്യാസങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. മേൽപ്പട്ടക്കാരും പട്ടക്കാരും തമ്മിലും പട്ടക്കാരും അൽമായക്കാരും തമ്മിലുമുള്ള ബന്ധം ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുന്നു എന്നത് വേദനാജനകമാണ്. ഇവരൊക്കെ തമ്മിലുള്ള ദൃഢവും പരിപാവനവുമായ ബന്ധങ്ങളുടെ ഓർമ്മകൾ തുളുമ്പുന്ന ഒരു ബാല്യകാലം ഈ ലേഖകനുമുണ്ടായിരുന്നു. അതൊക്കെ ഇന്നു വെറും പഴങ്കഥകളായി മാറുകയാണോ? സ്നേഹസമ്പൂർണമായ ആ നല്ല നാളുകൾ എങ്ങനെയാണ് നഷ്ടമായത് എന്ന് എല്ലാവരും ചിന്തിക്കേണ്ടിയിരിക്കുന്നു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ വേലക്കാരാണ് മേൽപ്പട്ടക്കാരും പട്ടക്കാരും എന്നുള്ളത് നാം മറന്നുകൂടാ. വൈദികരുടെ കർമ നിരതയിലാണ് സഭയുടെ ഉയർച്ച സ്ഥിതിചെയ്യുന്നത്. മേൽപ്പട്ടക്കാരും പട്ടക്കാരും, സ്വർഗരാജ്യത്തിന്റെ അവകാശികളായി മാറുന്നതു പോലെ അൽമായക്കാരേയും അപ്രകാരം വാർത്തെടുക്കേണ്ട ചുമതല നമുക്കുണ്ട്. കടമകൾ വിസ്മരിക്കാതെ കർമ മണ്ഡലത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണം.



# ചന്ദനപ്പള്ളി വലിയ പള്ളി പെരുന്നാൾ

## മെയ് 1 മുതൽ 8 വരെ



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ

## പെരുന്നാൾ കാര്യപരിപാടി

**7.5.2002 ചൊവ്വ**

7.30 a.m. വി. മൂന്നിന്മേൽ കുർബ്ബാന, 4.00 p.m പദയാത്രികർക്കു സ്വീകരണം, 6.00 p.m സന്ധ്യാപ്രാർത്ഥന, 7.30 p.m പ്രസംഗം: അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് (ശ്രേഷ്ഠ നിയുക്ത കാതോലിക്ക ബാവ), 8.30 p.m ഇടവകയുടെ നാലതിർത്തികളെ ബന്ധിപ്പിച്ചു കൊണ്ടുള്ള റാസ, 12.30 p.m ഗാനമേള.

**8.5.2002 ബുധൻ**

7.30 a.m പ. കാതോലിക്കാബാവായുടെ നേതൃത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന, 11.30 a.m അഖില മലങ്കര ഓർത്തഡോക്സ് യുവജന സംഗമം, അദ്ധ്യക്ഷൻ : പ. കാതോലിക്ക ബാവ, ഉദ്ഘാടനം: ബഹു. ജസ്റ്റീസ്. ബഞ്ചമിൻ കോശി (കേരള ഹൈക്കോടതി), ആശംസകൾ: ജോസഫ് എം. പുതുശ്ശേരി എം.എൽ.എ.; മാത്യു കുളത്തിങ്കൽ (പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്); ഫാ. കെ.വൈ. വിത്സൺ (അഖില മലങ്കര യുവജന പ്രസ്ഥാനം സെക്രട്ടറി), 3.00 p.m റാസ, 3.30 p.m ചന്ദനപ്പള്ളി ജംഗ്ഷനിൽ തീർത്ഥാടക സംഗമം; മുഖ്യപ്രഭാഷണം: കെ.ബി. ഗണേഷ്കുമാർ (ബഹു. ഗതാഗത വകുപ്പുമന്ത്രി); ആശംസ : ഫ്രാൻസിസ് ടി. മാവേലിക്കര; 5.00 p.m ചരിത്ര പ്രസിദ്ധമായ ചെമ്പെടുപ്പ്, 9.00 p.m ഗാനമേള



തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ്

## ചരിത്ര പ്രസിദ്ധമായ ചന്ദനപ്പള്ളി വലിയ പള്ളി

**കെ.ജി. ജോയിക്കുട്ടി**

പത്തനംതിട്ട ജില്ലയിൽ അടൂരിനും പത്തനംതിട്ടയ്ക്കും ഇടയ്ക്ക് 10 കി.മീ. സഞ്ചരിച്ചാൽ വി. ഗീവറുഗീസ് സഹദായാൽ അനുഗ്രഹിച്ചിരിക്കുന്ന ചന്ദനപ്പള്ളിയിൽ വന്നു ചേരാം. തൂവെള്ള കുതിരപ്പുറത്ത് ആരൂഢനായിരിക്കുന്ന പുണ്യാളച്ചന്റെ കുരിര കുളമ്പടി കേട്ടുണരുന്ന ഈ പുണ്യഭൂമിയിൽ മെയ് 7,8 തീയതികളിൽ നാടിന്റെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിന് വിശ്വാസികൾ ഒത്തുചേർന്ന് പെരുന്നാൾ ആഘോഷിക്കുന്നു.

നാനാജാതിമതസ്ഥർ ഒത്തുചേരുന്ന ഈ പുണ്യദിനം അക്ഷരാർത്ഥത്തിൽ മതസൗഹാർദ്ദത്തിന്റെ കർമ്മദിനമാണ്. പൗരാണിക ആചാരമായ ചൂട്ടുകറ്റ എരിച്ചു പിടിച്ച് വെളിച്ചം പകർന്നു റാസയായി വരുന്ന പുണ്യവാനെ എതിരേൽക്കാൻ നാനാജാതിമതങ്ങൾ കാട്ടുന്ന ഭക്തി ഏത് കഠിന ഹൃദയനേയും ഭക്തി സാഹരത്തിൽ ആറാടിക്കും.

ഒറ്റക്കല്ലിൽ തീർത്തിരിക്കുന്ന കാലപഴക്കം നിർണ്ണയിക്കാൻ സാധിക്കാത്ത കൽക്കുരിശ് ഈ പ്രദേശത്തിന്റെ മണിദീപമാണ്.

ഇൻഡോ-ഇസ്ലാമിക് സംസ്ക്കാരവുമായി ഇഴുകിച്ചേർത്ത് ഗോഥിക് ആർക്കിടെക്ച്ചറിൽ, മൂന്നര കോടി രൂപാ മുടക്കി പുതുക്കി പണിതീർത്തിരിക്കുന്ന ചന്ദനപ്പള്ളി വലിയ പള്ളി മലങ്കര ഓർത്തഡോക്സ് സഭയിലെ വലിയ പള്ളികളിൽ ഒന്നാണ്.

എല്ലാവർഷവും മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷന്റെ പ്രധാന കാർമ്മീകത്വത്തിലും മറ്റു തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും മെയ് 7,8 തീയതികളിൽ പെരുന്നാൾ ആഘോഷിക്കുന്നു.

പള്ളിയിൽ നിന്നും രണ്ട് ഫർലോങ്ങ് കിഴക്ക് അച്ചൻകോവിൽ നദിയിൽ ചെന്നു ചേരുന്ന തോടിന്റെ കരയിൽ സ്ഥാപിച്ചിരിക്കുന്ന പൗരാണികത വെളിപ്പെടുത്തുന്ന അടുപ്പ് കല്ലിൽ വച്ച് പാകം ചെയ്യുന്ന ചോറ് ഭക്തജനങ്ങൾക്ക് നേർച്ചയായി നൽകുന്നു. പെരുന്നാൾ ദിവസം വൈകിട്ട് ഭക്തി നിർഭരമായി "നേർച്ച എഴുന്നെള്ളിപ്പ്" ചന്ദനപ്പള്ളി പെരുന്നാളിന്റെ തനത് പ്രത്യേകത ആണ്

*In Loving Memory*



K.G. GEORGE

*Inserted by:-*
Suni K. George Kuttiyil House,
Chandanappally

*For Favours Received*



JOHN ALEX
BESSY JOHN, ABEL JOHN
Koppara, Chandanappally

*Front Cover Sponsored by:-*
JOHN ALEX KOPPARA & SUNIL K. GEORGE KUTTIYIL,
CHANDANAPPALLY.





# UNTO THE HILLS

**- Philiopose Vaidyan**

*"Let hope be not quenched in the blackness of night,*
*Though the cyclone awhile may have blotted the light,*
*For behind the great darkness the stars ever shine,*
*And the light of God's heavens, His love shall make thine,*
*Let no gloom dim thine eyes, but uplift them on high*
*To the face of thy God and the blue of His sky".*

Times are there when light may be blotted for a while by the storm, but even then the stars shine behind that darkness. Likewise even at the time of your great distress, God is in His heavens. Therefore, instead of allowing gloominess in your life, uplift your eyes to God on high.

"I will lift up mine eyes unto the hills, from whence cometh my help. My help cometh from the LORD, which made heaven and earth" (Ps. 121:1-2). There is an exhibit in the space Museum in Washington, D.C., which gives an estimate of the number of stars in the universe. There are one hundred billion galaxies, and each galaxy has in it a cluster of one hundred billion stars. Altogether there are ten thousand quintillion stars! This number is so large that in order to write it, ten is to be followed by twenty-one zeros, and in Malayalam this number is pathu kodi kodi kodi. God not only created all these stars but calls each of them by its name! For He says; "Lift up your eyes on high, and behold who hath created these things, that bringeth out their host by number: he calleth them all by names by the greatness of his might, for that he is strong in power; not one faileth" (Is. 40:26). It is from the Lord who created all these stars and more, my help cometh.

In apollo 15 Col. James B.Irwin landed the moon in 1971. He visited India in 1985 and then he stated in a public meeting that, although the Hardley and Apennine Mountains of the moon were really beautiful, it was some other hills that attracted his attention there. Those were the hills about which the Psalmist had written: "I will lift up mine eyes unto the hills". Showing samples of rock from the moon, he then told the gathering, "I'm no more interested in these lifeless rocks, but only in the Living Rock, that is Jesus christ". He also stated, "How much more wonderful is the fact that God, almost 2000 years ago, did walk on the earth, than the fact that man walked on the moon!"

In an address given to Christian friends after his ninetieth birthday, George Mueller spoke thus: "I can say from my heart, God is an infinitely lovely Being. Oh, be not satisfied until in your own inmost soul you can say, God is an infinitely lovely Being!" And God is indeed love ( 1 John 4:8,16). Time may come when nothing to lean on: strongholds may then crumble to dust; and we may be sure of nothing. But since our God of love is still in his throne, that is just the time when we can trust Him. "Not by measuring the waves can we prevail; not by gauging the wind will we grow strong; to scan the danger may be to fall before it; to pause at the difficulties, is to have them break over our head. We must lift up our eyes unto the hills, and go forward". Let the grace of our Lord Jesus Christ be with us to make us more than conquerors in all circumstances. Amen.

**12th ANNIVERSARY**
**16.05.2002**



K.P. THOMAS, SUSY
SYPY, SUNIL, SUSHEEL
**Vazhakala, Edmonton**
**Canada**

# ബഥേൽ പ്രസ്ഥാനം

മാന്യ സ്നേഹിതരേ,

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപെട്ട ജനസഹസ്രങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങളിൽ അവരെ ആവുന്നത്ര സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1990–ൽ സ്ഥാപിച്ചതാണ് ബഥേൽ പ്രസ്ഥാനം. തമിഴ്നാട്ടിലും കേരളത്തിലുമായി പ്രസ്ഥാനത്തിന് ഇപ്പോൾ ഏഴു പ്രവർത്തന മേഖലകൾ ഉണ്ട്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി രക്ഷാധികാരിയും, സ്ഥാപകൻ ഫാ. ജേക്കബ് ഡാനിയേൽ പ്രസിഡന്റുമാണ്. എല്ലാ സ്ഥാപനങ്ങളിലുമായി അന്തേവാസികളും പ്രവർത്തകരുമായി 140 പേരുണ്ട്. പ്രതിവർഷം 20 ലക്ഷത്തോളം രൂപാ നിത്യച്ചെലവുകൾക്ക് ആവശ്യമാണ്.

**1. M.G.B. Karuna Centre. Karassery** തമിഴ്നാട്ടിൽ കാരാശ്ശേരി എന്ന ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങളെ എടുത്തു വളർത്തുന്ന ഈ ബാലഭവനിൽ ഇപ്പോൾ 60 കുട്ടികൾ ഉണ്ട്. 1.M.G.B. Karuna Centre. A/c No:144, state Bank of India, Srivaikuntom. 2. M.G.B. Karuna Centre A/c No. 89/92 catholicate syrian bank Vallikody

**2. Bethel Snehabhavan Bethelpuri.** മിഴ്നാട്ടിൽ അബലം എന്ന ഗ്രാമത്തിൽ ബഥേൽപുരിയിൽ പാവപ്പെട്ട അനാഥ പെൺകുട്ടികളെ എടുത്തു വളർത്തുന്ന ഒരു ബാലികാ ഭവനം. ഇപ്പോൾ 20 കുട്ടികൾ ഉണ്ട്. A/c. NO.1117, state Bank of Travancore, Tirunnelveli.

**3. Bethel old age Home - Bethelpuri** തമിഴ്നാട്ടിൽ ബഥേൽപുരിയിൽ പാവപ്പെട്ട വൃദ്ധ ജനങ്ങളെ സംരക്ഷിക്കുന്ന ഒരു അഭയഭവനം. ഇപ്പോൾ 20- പേരുണ്ട്. Bethel old Age Home, A/c. No: 4866, State Bank of Travancore. Tirunnelveli.

**4. M.R.M. Bethel Clinic Bethelpuri** മൈലപ്രാ വെരി. റവ. പി. ഐ. മാത്യൂസ് റമ്പാന്റെ ഓർമ്മക്കായി നടത്തപ്പെടുന്ന ഒരു സൗജന്യ ചികിത്സാ പദ്ധതി. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ആയിരക്കണക്കിനു പാവപ്പെട്ട രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. M.R.M. Bethel Clinic, A/c. No: 1140, State Bank of Travancore, Tirunnelveli.

**5. Bethel Charitable Trust, Mylapra, Pathanamthitta.** ബഥേൽ പ്രസ്ഥാനത്തിന്റെ മൈലപ്രായിലുള്ള സെൻട്രൽ ഓഫീസിൽ പ്രവർത്തിക്കുന്നു. പാവപ്പെട്ടവർക്ക് വിവാഹസഹായം, വിദ്യാഭ്യാസസഹായം, ചികിത്സാസഹായം, ഭവന നിർമ്മാണത്തിനുള്ള സഹായം മുതലായവ നല്കുന്നു അനേകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. Bethel Charitable Trust A/c. No:2875, State Bank of Travancore-Mylapra.

**6. Bethel Ashram Edathitta, Pathanamthitta** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പ് ലക്ഷ്യമാക്കി ആശ്രമ ജീവിതം ആഗ്രഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നു. ആശ്രമത്തിൽ ഇപ്പോൾ 15 അംഗങ്ങൾ ഉണ്ട്. ഫോൺ: 0473 – 486095, 486395

**7. Bethel convent. Bethelpuri, Tamilnadu** ബഥേൽ പ്രസ്ഥാനത്തിന്റെ നടത്തിപ്പ് ലക്ഷ്യമാക്കി സന്യാസിനികളാകാൻ ആഗ്രഹിക്കുന്നവരെ പരിശീലിപ്പിക്കുന്നു. Bethel Snehabhavan, Bethel old Age Home, M.R.M. Bethel clinic ഇവയുടെ പ്രവർത്തനങ്ങൾക്ക് Bethel Convent -ലെ സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു.

ബഥേൽ പ്രസ്ഥാനത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളെ സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾ അതാതു സ്ഥാപനങ്ങളുടെ പേരിലോ, Rev. Fr. Jacob Daniel, Bethel Central Office, Mylapra P.O. Pathanamthitta Pin-689671 എന്ന മേൽവിലാസത്തിലോ അയച്ചുതരണമേ.

ഫാ. ജേക്കബ് ഡാനിയേൽ, പ്രസിഡന്റ്

*Advt.*



# ADMISSION

Sheethal Guidelines Stepping into glorious 12th Year

For Proper Guidance for admissions to MBBS, BDS, MDS, BAMS, BNYS, BHMS, MBA, MCA, MSW, LLB, BPT, MPT, BHM, BHS, BPharm, DPharm, B.Sc.MLT, B.Sc. Speech & Hearing, General Nursing & B.Sc. Nursing (Male & Female), B.Sc. Nursing, Post Certificate Course, M.Sc. Nursing, M.Sc. Speech & Hearing, Polytechnic & Engineering in all Branches, BBM, BCA, B.Sc. Computer Science, M.Sc. Information Science, B.Sc. Micro Biology, B.Sc. Bioculture, BSW. And also for Degree and Diploma Courses in Interior Design & Decoration, Fashion Design, Garments Design & Leather Design and Various Other Courses in and around Mangalore.

Your Admissions made easy at:

**SHEETHAL GUIDELINES**

Ist Floor, Topaz Complex, K.S. Rao Road
Mangalore - 575001
Phone:- (O) 0824 - 441239, 448045
(R) 0824 - 431843, 431433






# കർത്യദിനചിന്തകൾ


ഫാ. എം. എം. വർഗീസ്, പന്തളം


## 2002 മെയ് 19
## പെന്തിക്കോസ്തി ഞായറാഴ്ച
## വി. യോഹ. 14:25 – 27, 15:26, 16:7 – 13

1) രക്ഷണ്യവും സ്വർഗീയവുമായ പരിപാടികൾക്ക് നാളും നാഴികയും ഒരുക്കുന്ന ദൈവത്തിന്റെ പാവനമായ പദ്ധതികൾ വിസ്മയകരമാണ്. തന്റെ ആരോഹണത്തിനുമുൻപ് ശിഷ്യന്മാരോട് വാഗ്ദത്തം ചെയ്ത പ്രകാരം പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ തെരഞ്ഞെടുത്ത ദിവസം രഹസ്യങ്ങളുടെ കലവറയാണ്. "പെന്തക്കോസ്ത് നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുക്കൂടിയിരുന്നു." (അ.പ്ര. 2:1) പെന്തക്കോസ്ത് നാൾ എന്ന ഒരു നാളും അതിന്റെ നാമത്തിലുള്ള കൂടി വരവും ക്രിസ്തുവിനു മുൻപു തന്നെ യഹൂദന്മാരുടെയിടയിൽ നടപ്പായിരുന്നു. നാനാ ദേശത്തുനിന്നും യരുശലേമിലേക്ക് ആളുകൾ ഒഴുകുന്ന വലിയ പെരുനാളായിരുന്നു പെന്തക്കോസ്തിപ്പെരുനാൾ. കർത്താവ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുംമുമ്പ് ശിഷ്യന്മാരെ അറിയിച്ചിരുന്ന പ്രകാരം യരുശലേം വിട്ടുപോകാതെ അവരും കാത്തിരിക്കുകയായിരുന്നു. (അ.പ്ര. 1:4) തലമുറ തലമുറയായി അനേകർക്ക് സത്യത്തിന്റെ സാക്ഷ്യമായിത്തീരേണ്ട പരിശുദ്ധാത്മാവിന്റെ പ്രധാന വ്യാപാരദിവസമായി ദൈവം ആ ദിവസത്തെ ഉപയോഗിച്ചു. ദൈവമെന്ന കാര്യസ്ഥന്റെ കർമ്മ പരിപാടികൾ അത്ഭുതകരമാണ്.

2) ഒരു പ്രത്യേക ആളത്വമെന്നനിലയിൽ പരിശുദ്ധാത്മാവ് ദൈവമക്കളിൽ വ്യാപരിക്കുന്നതിനെപ്പറ്റി വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നിടത്ത് സൂചിപ്പിച്ചിരിക്കുന്നു. ഇന്നത്തെ ധ്യാനചിന്തയ്ക്കുവേണ്ടി മുകളിൽ കാണിച്ചിട്ടുള്ള മൂന്നു വേദഭാഗങ്ങളും വായനക്കാർ പ്രത്യേകം പ്രത്യേകം പഠിക്കുകയും അതെപ്പറ്റി ധ്യാനിക്കയും ചെയ്യേണ്ടിയിരിക്കുന്നു. മൂന്നിടത്തും പരിശുദ്ധാത്മാവിന്റെ പര്യായമായി ഉപയോഗിച്ചിരിയ്ക്കുന്ന പദം കാര്യസ്ഥൻ എന്നാണ്. കേവലം ഒരു ജീവാത്മാവോ പരമാത്മാവോ എന്നല്ല കാര്യസ്ഥൻ എന്നാണ്. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ ആളത്വമാണ് കാര്യസ്ഥൻ എന്ന പേരിൽ കാണുന്നത്. കാര്യസ്ഥനായ ആ ആൾ നമ്മുടെ ജീവിതത്തിന്റെ നാഥനും നടുനായകനും നടത്തിപ്പുകാരനും നിയന്ത്രകനുമായി നമ്മെ നയിക്കുവാനുള്ളവനാണ്.

3) വിലയേറിയ മനുഷ്യജീവിതത്തിലെ നിയോഗങ്ങളും നീതി നിർവഹണങ്ങളും നിശ്ചയിക്കേണ്ടതും നിയന്ത്രിക്കേണ്ടതും പരിശുദ്ധാത്മാവെന്ന കാര്യസ്ഥനാണ്. ഈ കാര്യസ്ഥന്റെ പ്രേരണയ്ക്കും പ്രചോദനത്തിനും എതിരായി നില്ക്കുന്നത് പാപമാകുന്നു. പരിശുദ്ധാത്മാവിന് എതിരായുള്ള പാപം ക്ഷമിക്കപ്പെടുന്നതല്ലെന്നും തിരുവചനം സംസാരിക്കുന്നു. (വി.മത്താ. 12:31–32). നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും പരിശുദ്ധാത്മാവിന്റെ പ്രോഗ്രാമുകൾക്ക് വിധേയമാക്കുകയും ലംഘനങ്ങൾ ഉണ്ടാകുമ്പോൾ പരിശുദ്ധാത്മ പ്രേരിതമായ സത്യ അനുതാപത്തോടെ തിരിച്ചുവരികയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള അനുതാപത്തിനും തിരിച്ചുവരവിനും മഹനീയ മാതൃകയായി അതാ നമ്മുടെ മുൻപിൽ ദാവീദുരാജാവ് നിൽക്കുന്നു. അദ്ദേഹത്തിന്റെ അനുതാപ ഗീതം കേൾക്കാം. "ദൈവമേ! നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുതാക്കേണമേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയുമരുതേ". (സങ്കീ. 51:10–11)

4) പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥന്റെ കരങ്ങളിലും കരുത്തിലും നമ്മുടെ ജീവിതം ഭരമേല്പിക്കുമ്പോൾ നമുക്കു ബോദ്ധ്യപ്പെടുന്ന പരിജ്ഞാനത്തെപ്പറ്റി പരിചിന്തനം ചെയ്യാം. "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും". (യോഹ.16:8) നമ്മുടെ മനസ്സാക്ഷിയുടെ അമരക്കാരൻ നമ്മുടെ ജീവിത നൗകയെ നയിക്കുന്ന പരിശുദ്ധാത്മാവായി മാറുമ്പോൾ പാപബോധമുണ്ടാകുന്നു. പാപബോധം അഥവാ കുറ്റബോധം നമ്മിലുണ്ടാകുമ്പോൾ നീതിബോധം നമ്മിലുദയം ചെയ്യുന്നു. പരിശുദ്ധാത്മ സഹായത്താൽ പാപബോധവും നീതിബോധവും ഉണ്ടാകുമ്പോൾ ദൈവത്തിന്റെ ന്യായവിധിയെപ്പറ്റി ബോധമുണ്ടാകുന്നു. മനുഷ്യന്റെ ശ്രേഷ്ഠതയ്ക്ക് അടിസ്ഥാനമായ മൂന്നു ശ്രേണികളാണ് കുറ്റബോധവും നീതിബോധവും ന്യായവിധിയെക്കുറിച്ചുള്ള ബോധവും. മറ്റു ജീവികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്ന വിലയേറിയ ഘടകങ്ങൾ. ഈ ഘടകങ്ങളാകുന്ന ഘടികാരം നിയന്ത്രിക്കുന്ന കാര്യസ്ഥനാണ് പരിശുദ്ധാത്മാവ്. ആധുനിക പരിതസ്ഥിതിയിൽ മനുഷ്യനിൽ നിന്നും ദ്രുതഗതിയിൽ മാഞ്ഞും മറഞ്ഞും പൊയ്ക്കൊണ്ടിരിക്കുന്ന മൂന്നു ചേതനകളാണ് പാപം, നീതി, ന്യായവിധി എന്നിവകളെക്കുറിച്ചുമുള്ള ദർശനക്കുറവ്. തൻനിമിത്തം അതിക്രമങ്ങളാലും പാപങ്ങളാലും മനുഷ്യവർഗം മലീമസമായി കഴിഞ്ഞിരിക്കുന്നു.

5) പരിശുദ്ധാത്മ വ്യാപാരം പല രൂപത്തിലും ഭാവത്തിലും പലരിലായി പ്രത്യക്ഷപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക ദാനങ്ങളായി ചുരുക്കം ചിലരിൽ നൽവരങ്ങളും കാണാറുണ്ട്.

**ഞായർദിന ചിന്തകൾ**

അത് അന്യ ഭാഷയിൽ സംസാരിക്കുവാനുള്ളതായാലും പ്രവചനശക്തിയായാലും രോഗശാന്തി നൽവരമായാലും സ്വയഭക്തിയും ശക്തിയും പ്രകടിപ്പിക്കുവാനുള്ള ഉപാധികളായി ഉപയോഗിക്കാതെ, തന്റെയും മറ്റുള്ളവരുടെയും ആത്മീക വർദ്ധനയ്ക്കായി ഉപയോഗിക്കണമെന്നുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധനം എത്രയോ അർത്ഥവത്താണ്. "നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മീക വർദ്ധനയ്ക്കായി സഫലന്മാർ ആകുവാൻ ശ്രമിപ്പീൻ. (1 കൊരി. 14:12) "സഭയിൽ പതിനായിരം വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കാൾ അധികം മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിന് ബുദ്ധികൊണ്ട് അഞ്ചു വാക്കു പറവാൻ ഞാൻ ഇച്ഛിക്കുന്നു". (1 കൊരി. 14:19)

6) ജീവിതത്തിൽ പരിശുദ്ധാത്മ വ്യാപാരം നമ്മിൽ വിതയ്ക്കപ്പെട്ട ശേഷം അത് മറ്റുള്ളവരിലേക്ക് വ്യാപരിയ്ക്കുമ്പോൾ അതിന്റെ രൂപങ്ങളും ഭാവങ്ങളും എന്തായിരിക്കുമെന്നുള്ള പ്രബോധനംകൂടി ശ്രദ്ധിച്ച് നമ്മുടെ ജീവിതത്തെ തദനുസരണം ക്രമപ്പെടുത്തുവാൻ ഈ ധ്യാനം സഹായിക്കട്ടെ. "ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാണ്. (ഗലാ. 5:22-24)

പെന്തക്കോസ്തിപ്പെരുന്നാൾ നമ്മെ സംബന്ധിച്ചിടത്തോളം വലിയ പെരുനാളാണ്. ഈ പെരുനാളിലെ കർമ്മങ്ങളെയെല്ലാം വികർമ്മങ്ങളാക്കുമാറ് സഭയും അതിന്റെ സന്തതികളും പോരടിക്കുമ്പോൾ പരിതപിക്കുന്ന പരിശുദ്ധാത്മാവിനെപ്പറ്റി ആരു ചിന്തിക്കുന്നു. "ആത്മാവിനാൽ നാം ജീവിക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക, നാം അന്യോന്യം പോരിന്നുവിളിച്ചും അന്യോന്യം അസൂയപ്പെട്ടും കൊണ്ട് വൃഥാഭിമാനികൾ ആകരുത്." (ഗലാ. 5:25-26)

## 2002 മെയ് 26
## പെന്തക്കോസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച
## വി. യോഹ. 6:26-35

1) ഇന്നത്തെ വേദഭാഗത്തിൽ, നിന്നും ധ്യാനത്തിനു തെരഞ്ഞെടുക്കുന്നത് ആരംഭത്തിലെ രണ്ടു വാക്യങ്ങളാണ്. ആമേൻ ആമേൻ ഞാൻ നിങ്ങളോടുപറയുന്നു, നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. യേശുതമ്പുരാനെ തേടി ഓടിയടുക്കുന്ന വലിയ പുരുഷാരത്തെ കണ്ട് കർത്താവ് കൽപ്പിച്ച വാക്യം ബലഹീന സ്വഭാവങ്ങളിൽ നിന്നും നമ്മെ ഉണർത്തി ഉന്നതരാകുന്ന ആത്മീയ ഭക്ഷണമാണ്. കർത്താവ് ഇങ്ങനെ കൽപ്പിക്കുന്നതിനു തൊട്ടു മുൻപാണ് അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചത്. ഈ അടയാളവും അത്ഭുതവും കണ്ടവർ ആർത്തുവിളിച്ചു പറയുന്നു; ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം. അതിനു ശേഷം കർത്താവിനെ തേടുന്ന പുരുഷാരത്തിന്റെ സംഖ്യ വർദ്ധിക്കുന്നു. കടലിന്റെ ഏതുകരയിലാണ് കർത്താവു നിൽക്കുന്നതെന്നു നോക്കി അങ്ങോട്ടുമിങ്ങോട്ടും പരക്കംപായുന്ന പുരുഷാരത്തിന്റെ ഉള്ളിന്റെയുള്ളിലെ താൽപര്യം മനസിലാക്കിയ കർത്താവു പറയുന്നു; ഈ താൽപര്യവും അന്വേഷണവും അപ്പത്തിന്റെ ലഭ്യതയെ മുൻകണ്ടുകൊണ്ടാണ്. നസറായനായ യേശുവിനെ വിടാതെ പിന്തുടർന്നാൽ എന്നും എവിടെയും എപ്പോഴും അദ്ധ്വാനം കൂടാതെ എത്രവേണമെങ്കിലും അപ്പം കിട്ടുമെന്നുള്ള ആശയിന്മേൽ ആളുകൾ തിക്കിത്തിരക്കിയപ്പോൾ, ആത്മീയവും ശാശ്വതവുമായ ഭക്ഷണത്തെപ്പറ്റി യേശുനാഥൻ അവരെ ബോധവാന്മാരാക്കിയത് എക്കാലത്തും എവിടെയുമുള്ളവർക്ക് ദിവ്യ ബോധനമാണ്.

*പെന്തക്കോസ്തിപ്പെരുന്നാൾ നമ്മെ സംബന്ധിച്ചിടത്തോളം വലിയ പെരുനാളാണ്. ഈ പെരുനാളിലെ കർമ്മങ്ങളെയെല്ലാം വികർമ്മങ്ങളാക്കുമാറ് സഭയും അതിന്റെ സന്തതികളും പോരടിക്കുമ്പോൾ പരിതപിക്കുന്ന പരിശുദ്ധാത്മാവിനെപ്പറ്റി ആരു ചിന്തിക്കുന്നു. ആത്മാവിനാൽ നാം ജീവിക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക, നാം അന്യോന്യം പോരിന്നുവിളിച്ചും അന്യോന്യം അസൂയപ്പെട്ടും കൊണ്ട് വൃഥാഭിമാനികൾ ആകരുത്. (ഗലാ. 5:25-26)*

2) ഭൗതികവും ജഢീകവുമായ ഒരു ജീവിതമേയുള്ളുവെന്നും ഇതിനപ്പുറത്ത് ഒന്നുമില്ലെന്നും വിശ്വസിക്കുന്ന ഒരു കൂട്ടർ. മനുഷ്യനിൽ ആത്മാവെന്ന ഒരു ദിവ്യഘടകം ഉണ്ടെന്ന് അറിവില്ലാത്ത മറ്റൊരു കൂട്ടർ. അറിഞ്ഞാൽത്തന്നെയും അതിനനുയോജ്യമായ അന്വേഷണങ്ങളും ആചാരങ്ങളും നടത്താത്ത ഒരു കൂട്ടർ. ഇങ്ങനെയെല്ലാമുള്ള എല്ലാവരെയും ആദ്ധ്യാത്മിക ലോകത്തെപ്പറ്റി പഠിപ്പിക്കുന്ന പാഠമാണ് തന്നെത്തേടിയോടിയവരോട് കർത്താവ് പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്.

3) പരസ്യ ശുശ്രൂഷയുടെ പ്രാരംഭത്തിൽ സാത്താനെ ശാസിച്ചു കൊണ്ട് കർത്താവു പറഞ്ഞത് ആത്മീയാഹാരത്തെപ്പറ്റിയാണ്. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ വായിൽ നിന്നു വരുന്ന വചനം കൊണ്ടും കുടെയാണ് ജീവിക്കുന്നത്". തന്നെ അന്വേഷിച്ച് അവിടെയും ഇവിടെയുമായി ഓടിക്കൂടിയ ജനത്തിന് താൽക്കാലിക ജീവിതത്തെ തുടർന്നുള്ള നിത്യജീവിതത്തെപ്പറ്റി കർത്താവു സമയോചിതമായി ഉപദേശിക്കുന്ന വാക്യം വളരെ ശ്രദ്ധേയമാണ്. "നിങ്ങൾ നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവന്നായി നലനിൽക്കുന്ന ആഹാരത്തിനു വേണ്ടിയാണ് പ്രയത്നിക്കേണ്ടത്".

ശരീരം ക്രമേണ വളർച്ച പ്രാപിച്ച്



അതിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കുവാൻ ആഹാരം ആവശ്യമായിരിക്കുന്നതുപോലെ മനുഷ്യനിലെ ദൈവാത്മാവിനും തക്കയോഗ്യമായ ആഹാരം ആവശ്യമാണ്. നാം അനുഷ്ഠിക്കുന്ന ആരാധനകളും നോമ്പും നമസ്ക്കാരവും സൽക്രിയകളും ആത്മാവിന്റെ ഭക്ഷണങ്ങളായി യഥാർത്ഥത്തിൽ പരിണമിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ഈ ധ്യാനം സഹായകമാകട്ടെ.

## 2002 ജൂൺ 2
## പെന്തക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച
## വി. മത്താ. 10:34-11:1

1) ഇന്നത്തെ ധ്യാനവിഷയത്തിനുള്ള വാക്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വഴികാട്ടൽ വളരെ ആവശ്യമാണ്. അക്ഷരാർത്ഥത്തിൽ ചിന്താക്കുഴപ്പവും തെറ്റിദ്ധാരണയും ജനിപ്പിക്കുന്ന വാക്യങ്ങളാണ്. സമാധാനത്തിന്റെ പ്രഭുവും ദൂതനുമായ യേശുനാഥനിൽ നിന്നാണ് അത്തരം വാക്കുകൾ വരുന്നതെന്നുള്ളതോർക്കുമ്പോൾ ഉത്തരം മുട്ടിപ്പോകുന്നു. "ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നുവെന്ന് നിരുപിക്കരുത്; സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്" എന്നിത്യാദി വാക്കുകൾ വായിക്കുമ്പോൾത്തന്നെ ഒരുതരം വീർപ്പുമുട്ടൽ അനുഭവപ്പെടുന്നില്ലേ? സമാധാനം വരുത്തുവാൻ അല്ല ഞാൻ വന്നിരിക്കുന്നതെന്നുള്ള വാക്കുകൾ വിഷമത്തോടെ വിഴുങ്ങുവാൻ ശ്രമിച്ചാൽത്തന്നെയും തുടർന്നുള്ള വാക്കുകൾ എങ്ങനെ വിലയിരുത്തുവാനും വിശ്വസിക്കുവാനും കഴിയും? സമാധാനം അല്ല വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നിരിക്കുന്നത്. വാൾ വരുത്തുവാൻ വന്നവനോ യേശുനാഥൻ? പരിശുദ്ധാത്മ സഹായത്തോടെ വചനത്തിന്റെ വരമ്പുകൾ നമുക്കു കടക്കാം.

2) കർത്താവിന്റെ പേരിൽ ഭാവിയിൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും സംഭവിക്കുന്ന കലഹങ്ങളെപ്പറ്റിയും സമാധാന രാഹിത്യത്തെപ്പറ്റിയും പ്രത്യേകം സുചിപ്പിച്ചുകൊണ്ടുള്ള പ്രതികരണവും പ്രസ്താവനയുമായി മേൽക്കാണിച്ച വാക്യങ്ങളെ നാം കാണണം. തന്റെ അവതാരത്തിനു മുൻപ് മീഖാ ദീർഘദർശി അരുളിച്ചെയ്ത വചനങ്ങളുടെ തനി ആവർത്തനമായിരുന്നു കർത്താവിൽ നിന്നും കേട്ടത്. വായനക്കാർ ആ വേദഭാഗം ശ്രദ്ധയോടെ വായിക്കുക. (മീഖാ. 7:2-6) വിശേഷിച്ച് 6-ാം വാക്യം "മകൻ അപ്പനെ നിന്ദിക്കുന്നു; മകൾ അമ്മയോടും മരുമകൾ അമ്മവിയമ്മയോടും എതിർത്തു നിൽക്കുന്നു; മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെ;.

3) സുവിശേഷ ദൂതുകളുമായി ശിഷ്യന്മാരെ പറഞ്ഞയയ്ക്കും മുൻപ് കർത്താവ് അവരോടു കൽപിച്ച വാക്യവും സന്ദർഭോചിതമാണ്. കലഹത്തിന്റെയും കൊലയുടെയും വാളിന്റെ സൂചന നിറഞ്ഞ വാക്കുകൾ. ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു; സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന് ഏൽപിക്കും; എന്റെ നാം നിമിത്തം എല്ലാവരും നിങ്ങളെ പകെയ്ക്കും (വി. മത്താ. 10:16-21)

4) ഇന്നത്തെ വേദഭാഗത്തിൽ യേശുനാഥൻ സൂചിപ്പിച്ച സമാധാന രാഹിത്യത്തെപ്പറ്റിയും വാളിനെപ്പറ്റിയും മേൽക്കാണിച്ച മീഖാ പ്രവചനത്തിന്റെയും സുവിശേഷ വചനങ്ങളുടെയും വെളിച്ചത്തിൽ നമുക്ക് ധ്യാനിക്കാം. വാളെടുക്കുന്നവൻ വാളാൽ നശിക്കുമെന്നരുളിച്ചെയ്ത സമാധാന പ്രഭു വാൾ വരുത്താനാണ് വന്നതെന്നു പറഞ്ഞതിന്റെ മറപൊരുൾ പരിശുദ്ധാത്മ പ്രേരണയോടെ ചിന്തിപ്പാൻ നമുക്ക് സാധിക്കട്ടെ. സ്നേഹം തണുത്തും തകർന്നും പോകുന്ന രംഗങ്ങൾ മുൻകൂട്ടിക്കണ്ട് വളരെ മനോവേദനയോടെയാണ് സമാധാനം വരുത്തുവാനല്ല താൻ വന്നിരിക്കുന്നതെന്ന് കർത്താവു പറഞ്ഞത്. ഒരേ വീട്ടിലെ അംഗങ്ങൾതന്നെ യേശുവിന്റെ പേരിൽ പരസ്പരം കലഹിച്ചു നശിക്കുന്ന കാഴ്ചയുടെ ഒരു രംഗമാണ് യേശുനാഥൻ കാണിച്ചുതന്നത്. ഒന്നിപ്പിക്കുവാൻ വന്ന സ്നേഹനിധിയായ നാഥൻ തന്റെ നാമത്തിൽ ഉണ്ടായേക്കാവുന്ന ഭിന്നിപ്പിന്റെ ഭീകരദൃശ്യം ഈ വാക്കുകളിൽ വരച്ചു കാട്ടുന്നു. "സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നത്".

## 2002 ജൂൺ 9
## പെന്തക്കോസ്തിക്കുശേഷം 3-ാം ഞായർ
## വി. യോഹ. 6:35-46

**ഞായർദിന ചിന്തകൾ**

1) ഇന്നത്തെ ഏവൻഗേലിയോൻ വായനയിൽ നിന്നും ധ്യാനവിഷയമാക്കുവാൻ ഉദ്ദേശിക്കുന്നത് പ്രത്യേകിച്ചും 38-ാം വാക്യമാണ്. "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്വാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നത്." തന്റെ അവതാരത്തിന്റെയും ജീവിതത്തിന്റെയും ലക്ഷ്യത്തെപ്പറ്റിയുള്ള വിളംബരമായി ഈ വാക്യത്തെ കാണേണ്ടതാണ്. അപ്പപ്പോൾ ആവിർഭവിക്കുന്ന സാഹചര്യങ്ങളനുസരിച്ച് എന്തെങ്കിലും ചെയ്തു കൊള്ളാമെന്നല്ല പിന്നെയോ വ്യക്തമായ ലക്ഷ്യം മുൻനിറുത്തിയും മുൻ കണ്ടുമാണ് കർത്താവ് പരസ്യശുശ്രൂഷയിലേക്കു പ്രവേശിക്കുന്നത്.

2) ഈ ലോകത്തിലേക്കുള്ള തന്റെ ജന്മത്തിനും ജീവിതത്തിനും പ്രത്യേക ലക്ഷ്യമുണ്ടെന്നുള്ള പ്രഖ്യാപനം 12-ാം വയസിൽത്തന്നെ താൻ നടത്തിയിട്ടുള്ളത് ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നതു കൊള്ളാം. ബാലനായിരുന്ന കാലത്ത് യരുശലേം ദേവാലയത്തിൽ വച്ച് പ്രായമായവരെയും പരിജ്ഞാനികളെയും അത്ഭുതപ്പെടുത്തുമാറ് മാതാപിതാക്കന്മാരോടായി താൻ ഇങ്ങനെ പറഞ്ഞു. "നിങ്ങൾ എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു". (വി. ലൂക്കോ. 2:41-51) ഈ മഹത്തായ ലക്ഷ്യമാണ്, പിതൃഹിതത്തിൽ നിന്നും പിന്മാറുവാനുള്ള പല പല പരീക്ഷണങ്ങളെയും അതിജീവിച്ച് പിതാവേ! തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേൽപിക്കുന്നു വെന്ന് പറഞ്ഞുകൊണ്ട് കാൽവരിഗിരിയിൽ താൻ സ്വയം ബലിയർപ്പിച്ചത്.

3) ദൈവത്തിന്റെ മക്കൾക്ക് ഉന്നതമായ ജീവിതലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. ഓരോ മനുഷ്യനെയും സംബന്ധിച്ച് സ്രഷ്ടാവായ ദൈവത്തിന് പ്രത്യേകം പ്രത്യേകം ഉദ്ദേശ്യങ്ങളുണ്ട്. ഈ ദൈവോദ്ദേശ നിർവഹണം ദൈവമക്കളുടെ പ്രധാന ജീവിത ലക്ഷ്യമായിരിക്കേണ്ടതാണ്. ഈ വഴിയിലേക്കുള്ള മാതൃകയാണ് നമ്മുടെ കർത്താവ് കാട്ടിത്തന്നിട്ടുള്ളത്. വിശുദ്ധി നിറഞ്ഞതും വിജയകരവുമായ ജീവിതത്തിന് ഉടമകളും സാക്ഷികളുമാകുവാൻ

# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി–682 308

ചോദ്യം

**2 കൊരിന്ത്യർ 3, 4**

1) പുതുനിയമത്തിന്റെ ശുശ്രൂഷക്കാർ, അക്ഷരം, ആത്മാവ്, തുടങ്ങിയവയെ ബന്ധിപ്പിച്ച് നല്ലൊരു വാക്യം മൂന്നാം അദ്ധ്യായത്തിലുള്ളത് എഴുതുക
2) ആരുടെ മുഖ തേജസ്സ് നിമിത്തം ആരാണ് അവന്റെ മുഖത്ത് നോക്കാതിരുന്നത്?
3) ആരിൽകൂടിയാണ് മൂടു പടം നീങ്ങിപ്പോകുന്നത്?
4) സ്വാതന്ത്ര്യം ഉള്ളത് എവിടെയാണ്?
5) ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കിയത് എന്തിന്?
6) എന്താണ് പൗലോസും ശിഷ്യരും പ്രസംഗിച്ചത്?
7) യേശുവിന്റെ മരണം വി. പൗലോസും സംഘവും എപ്പോഴും വഹിക്കുന്നത് എന്തിന്?
8) ജീവിച്ചിരിക്കുന്ന ഞങ്ങൾ എപ്പോഴും യേശു നിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നത് എന്തിന്?
9) "അതുകൊണ്ട് ഞങ്ങൾ സംസാരിക്കുന്നു" എന്ന് ശ്ലീഹാ പറയുന്നു. ഏതുകൊണ്ട്?
10) "കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്. കാണുന്നത് താല്ക്കാലികം, കാണാത്തത് നിത്യം", ഇതു പറയുവാൻ കാരണം എന്ത്?.

ഉത്തരം

**2 കൊരിന്ത്യർ 1, 2**

1) വി. പൗലോസും, തിമോഥെയോസും (1:1)
2) ദൈവേഷ്ടത്താൽ (1:1)
3) അനുഗാമികളായ വിശ്വാസികളുടെ ആശ്വാസത്തിനും രക്ഷയ്ക്കുമായിട്ടാണ് (1:6)
4) വിശ്വാസികൾ വായിക്കുന്നതും ഗ്രഹിക്കുന്നതും മാത്രമാണ്. (1:13)
5) വി. പൗലോസ്, സില്വാനൊസ്, തിമൊഥെയോസ് (1:19)
6) 2 കൊരി. 1:21,22
7) അവരോടുള്ള വലിയ സ്നേഹം അറിയിക്കുവാൻ വേണ്ടി (2:4)
8) അവനോട് ക്ഷമിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണം (2:7)
9) തീത്തോസ് (2:12)
10) 1) അവരുടെ ദൗത്യം ദൈവത്തിൽ നിന്നായിരിക്കണം 2) അവർ ദൈവത്തോട് ഉത്തരവാദിത്തം പുലർത്തുന്നവരായിരിക്കണം. 3) അവർ ക്രിസ്തുവിനോടു സന്തത സംസർഗം അനുഭവിക്കുന്നവരായിരിക്കണം.

നമുക്കു സഹായകമായ ഏക ഏണി ജീവിതലക്ഷ്യം മാത്രമാണ്. ലക്ഷ്യമൊന്നുമില്ലാതെ എങ്ങനെയെങ്കിലുമാകട്ടെയെന്നുള്ള ലക്ഷ്യമില്ലായ്മ പരാജയത്തിന്റെ പാതകളിലേക്ക് നമ്മെ കടത്തിവിടും. പൗലോസ് ശ്ലീഹാ ഈ ലക്ഷ്യത്തെ ചൂണ്ടിക്കൊണ്ട് നമുക്ക് പ്രബോധനം നൽകുന്നു. "ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതുമറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു". (ഫിലി. 3:14).

4) ദൈവവും മനുഷ്യനുമായുള്ള ആകർഷണത്തിന്റെ ആകെത്തുകയാണ് ജീവിത ലക്ഷ്യം. ദൈവാഭിമുഖമായ ജീവിതത്തിൽ ദൈവത്തിനും മനുഷ്യനുമിടയിൽ ഒരു വലിയ കാന്തശ്ശക്തി രൂപീകൃതമാകുന്നു. ദൈവത്താൽ കണ്ടെത്തപ്പെടുന്ന ഒരു വലയത്തിൽ നമ്മുടെ ജീവിതത്തെ പ്രതിഷ്ഠിക്കുമ്പോൾ നാം ദൈവത്താൽ ആകർഷിക്കപ്പെടുന്നു. എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെയടുക്കൽ വരുവാൻ കഴിയുകയില്ല" എന്നുള്ള കർത്താവിന്റെ വാക്കുകൾ എത്രപേർ വേണ്ടവിധം ഗ്രഹിക്കുന്നു. (വി. യോഹ. 6:44)

നമ്മുടെ ജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവേഷ്ടത്തിന് അനുരൂപമായിത്തീരുവാൻ തക്കവണ്ണം പരിശുദ്ധാത്മാവിന്റെ വ്യാപാരങ്ങൾക്ക് നമ്മുടെ ഹൃദയങ്ങൾ വേദികളായിത്തീരട്ടെ.


**അത്ഭുതകരമായ മദ്ധ്യസ്ഥതമൂലം രോഗ സൗഖ്യവും ഉയർച്ചയും, മാനവും, വിജയവും, ദൈവീക സമാധാനവും 44–ാം വിവാഹ വാർഷികത്തിലും ലഭിച്ചതിന് – നന്ദി**



**T.V. Verghese - Rtd. Deputy. Director**

**Kunjanam - Rtd. Income taxe Officer**








# പ്രാർത്ഥനയുടെ ശ്രേഷ്ഠത

**മേരി തോമസ്**

പ്രാർത്ഥനയിലുള്ള സംവാദവും ശ്രവണവും വഴി മനുഷ്യനിൽ ദൈവത്വവും മനുഷ്യത്വവും കൂടുതലായി ഉണ്ടാകുന്നു. തൽഫലമായി സാമൂഹിക പ്രതിബദ്ധതയും വർദ്ധിക്കുന്നു. കൂടാതെ പ്രാർത്ഥനയിലൂടെ മനുഷ്യനിലെ മൃഗീയതയും നിഷേധാത്മക ചിന്തയും അകലുകയും അവർ ദൈവമക്കളുടെ പദവിയിലേക്ക് വളരുകയും ചെയ്യുന്നു. പ്രഭാത പ്രാർത്ഥനയെയും സന്ധ്യാപ്രാർത്ഥനയേയും കുറിച്ച് മഹാത്മാഗാന്ധിയുടെ വാക്കുകൾ ഇങ്ങനെ പറയുന്നു. "പ്രഭാത പ്രാർത്ഥന തുറക്കുന്ന താക്കോലും സന്ധ്യാപ്രാർത്ഥന ദിവസം അടയ്ക്കുന്ന സാക്ഷയുമാണ്" മനുഷ്യനെ അവന്റെ മാനുഷിക ഭാവങ്ങളിൽ നിലനിറുത്തുന്നതും പരിപോഷിപ്പിക്കുന്നതും പ്രാർത്ഥനയല്ലാതെ മറ്റൊന്നും അല്ലെന്ന് ഗാന്ധിജിയുടെ വാക്കുകൾ പഠിപ്പിക്കുന്നു. ഏതു മനുഷ്യന്റേയും ആർദ്രഭാവങ്ങളെ സ്നേഹ സേവന കാരുണ്യാംശങ്ങളെ പ്രാർത്ഥന ഉത്തേജിപ്പിക്കുന്നു.

പരിശുദ്ധാത്മ പ്രാർത്ഥനയിൽ ദൈവത്തിന്റെ നിഗൂഢ രഹസ്യങ്ങൾ വ്യക്തമാക്കുന്നു. (യോഹ. 16-13, 1 കൊരി. 2:9-11) ദേഹീ ദേഹ ശുദ്ധിയുണ്ടാകുന്നു. സ്വാതന്ത്ര്യം പ്രാപിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്ന് വിമോചനം ഉണ്ടാകുന്നു. അറിവുണ്ടാകുന്നു. ആത്മീക ശക്തി ലഭിക്കുന്നു. ദൈവീക കൃപയിൽ വളർച്ചയിൽ അനുഭവം പ്രാപിക്കുന്നു. ദൈവ സ്നേഹത്തിൽ നിറയുന്നു. ജീവിത വിജയം ഉണ്ടാകുന്നു. ഇതിനെല്ലാം ഉപരി പരിശുദ്ധാത്മ പ്രചോദിതമായ പ്രാർത്ഥനവഴി വിശ്വാസി കൂടുതലായി ദൈവാത്മാവിൽ പൂരിത്മാകുന്നു. അതായത് പ്രാർത്ഥനയുടെ പ്രത്യുത്തരവും, പ്രതിഫലവും പരിശുദ്ധാത്മാവു തന്നെയാണ്. യേശു ഇത് വ്യക്തമാക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് ചോദിക്കുന്നതിലുമധികമായി പരിശുദ്ധാത്മാവിനെ നല്കുന്നു. (ലൂക്കോസ് 11ന്റെ 13) അപ്പസ്തോലന്മാർ മറ്റുള്ളവർക്കായി മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചപ്പോഴും പിതാവായ ദൈവം അയച്ചത് പരിശുദ്ധാത്മാവിനെയായിരുന്നു. പ്രാർത്ഥനയുടെ മുഴുവൻ പരമമായ പ്രത്യുത്തരവും പ്രതിഫലവും പരിശുദ്ധാത്മാവു തന്നെയാണ്.


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986–ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053– രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488–ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

# ചെറുത് സുന്ദരമാണ്

ഗുരുജി

സുദീർഘമായി പ്രസംഗം ചെയ്യുന്നതിന് പേരുകേട്ട ഒരാൾ ഒരിക്കൽ തന്റെ പ്രഭാഷണം തുടങ്ങിയതിങ്ങനെയാണ്. "സഹോദരങ്ങളേ, സഹോദരികളേ! നിങ്ങളുടെ വിലയേറിയ സമയത്തിന്റെ വെറും പത്തു മിനിട്ടു മാത്രമേ ഞാൻ ഈ പ്രസംഗത്തിനെടുക്കൂ" ഉടൻ തന്നെ സംഘാടകർക്കും ശ്രോതാക്കൾക്കും അല്പം ആശ്വാസം നൽകത്തക്കവണ്ണം പിൻസീറ്റിലിരിക്കുന്ന ഒരു കേൾവിക്കാരൻ അറിയിച്ചു "എങ്കിൽ സർ, ഒൻപതാമത്തെ മിനിട്ടിൽ നിന്ന് തുടങ്ങിയാൽ മതിയാവും."

കഴിഞ്ഞ കഷ്ടാനുഭവാഴ്ച നടന്ന ഒരു സംഭവമാണിങ്ങനെ ഒരു കുറിപ്പെഴുതുവാൻ പ്രേരിപ്പിച്ചത്. ദുഃഖവെള്ളിയാഴ്ചയിലെ, രണ്ടു പ്രസംഗങ്ങൾ ഉൾപ്പെടെ ഏഴരമണിക്കൂർ നീണ്ടുനിന്ന ആരാധന അവസാനിപ്പിച്ചപ്പോൾ മുഖ്യ കാർമ്മികൻ എല്ലാവരോടും അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. ദുഃഖവെള്ളിയാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചു 45 മിനിട്ട് നീണ്ടുനിന്ന അദ്ദേഹത്തിന്റേതായ ഒരു സ്പെഷ്യൽ പ്രഭാഷണം. പലതും നേരത്തെ പറഞ്ഞതിന്റെ ആവർത്തനം മാത്രം. അസമയത്തു സുദീർഘമായി ചെയ്യുന്ന ഇത്തരം പ്രഭാഷണങ്ങൾ കേൾവിക്കാരിലുണ്ടാക്കുന്ന അസ്വസ്ഥത എത്രമാത്രമാണെന്ന് പ്രത്യേകം എടുത്തു പറയേണ്ടതില്ല. മരങ്ങളെ തുരക്കുന്ന വണ്ട് പൂമൊട്ടിനുള്ളിൽ കുടുങ്ങിപ്പോയാൽ പൂവിരിയുന്നതുവരെ അതിനകത്തിരുന്ന് ശ്വാസം മുട്ടും എന്ന അവസ്ഥ!

കാര്യങ്ങൾ ഹ്രസ്വമായും, ലളിതമായും, അവസരോചിതമായും പറയാൻ കഴിയുക എന്നത് വലിയ കാര്യമാണ്. ആശയ വിനിമയ ശാസ്ത്രത്തിൽ ഇതിന് "KISS" (Keep It Short and Simple) എന്നാണ് പറയുന്നത്. യേശുക്രിസ്തു വാണ് ഏറ്റവും നല്ല മാതൃക. കർത്താവിന്റെ ഗിരിപ്രഭാഷണങ്ങൾ 300 വാക്കുകളിൽ കൂടുതലില്ല. പ്രൗഢഗംഭീരമായ ആശയങ്ങളെ എത്ര ലളിതവും ഹ്രസ്വവുമായാണ് ക്രിസ്തു അവതരിപ്പിച്ചത്. ഒരു പുരുഷാരത്തെ തന്നെ പിരിച്ചു വിടാൻ ഒറ്റവാചകത്തിലുള്ള ഒരു ചെറു പ്രസംഗമാണ് യേശുക്രിസ്തു ചെയ്തത്. "നിങ്ങളിൽ പാപം ചെയ്യാത്തവൻ ഒന്നാമത് അവളെ കല്ലെറിയട്ടെ" (യോഹ. 8:7-8) അവശേഷിച്ച സ്ത്രീയെ മാനസാന്തരപ്പെടുത്താനും ഒരു വാക്ക് മതിയായിരുന്നു. "പോക, ഇനിമേൽ പാപം ചെയ്യരുത്."

ലോകപ്രസിദ്ധങ്ങളായ പ്രസംഗങ്ങൾ എല്ലാം ചെറിയ പ്രസംഗങ്ങളാണ്. യു. എൻ. ജനറൽ അസംബ്ലിയിൽ വി. കെ. കൃഷ്ണമേനോൻ കാശ്മീർ പ്രശ്നത്തെക്കുറിച്ച് ഏഴുമണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗം നടത്തിയെന്നാണ് പറയുന്നത്. പക്ഷെ പ്രശ്നം സങ്കീർണ്ണമാവുകയാണ് ചെയ്തത്. മഹാത്മാഗാന്ധിയുടെ ഏറ്റവും വലിയ പ്രസംഗ മാവട്ടെ രണ്ട് വാക്കുകളായിരുന്നു. "ക്വിറ്റ് ഇൻഡ്യ". പ്രബലമായ ഒരു കൊളോണിയൻ ശക്തിയെ തുരത്തി ഭാരതത്തിന് സ്വാതന്ത്ര്യം വാങ്ങി തരാനുള്ള കരുത്ത് ആ വാക്കുകൾക്കുണ്ടായിരുന്നു. 1905-ൽ എയിൻസ്റ്റീൻ ഒരു സമവാക്യം എഴുതി. $E=mc^2$. മനുഷ്യന്റെ ബോധമണ്ഡലത്തിൽ ഏറ്റവും വലിയ സ്ഫോടനം ഉണ്ടാക്കിയ ഒരു ചെറു പ്രസംഗമായിരുന്നു അത്. പ്രഥമ വാചകം കൊണ്ട് പ്രസംഗം വിജയത്തിലെത്തിച്ച ഒരു അസാധാരണ പ്രഭാഷകനായിരുന്ന സ്വാമി വിവേകാനന്ദൻ. 1893-ൽ വിവേകാനന്ദൻ ചെയ്ത ലോകപ്രസിദ്ധമായ ചിക്കാഗോ പ്രസംഗത്തിന്റെ തുടക്കത്തിലെ "അമേരിക്കയിലെ പ്രിയപ്പെട്ട സഹോദരന്മാരേ, സഹോദരികളേ" എന്നഭിസംബോധനയിൽ ഇൻഡ്യൻ വേദാന്തത്തിന്റെ മുഴുവൻ അന്തഃസത്തയും ഉൾക്കൊള്ളിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജോൺ എഫ്. കെന്നഡി, മാർട്ടിൻ ലൂതർകിംഗ്, ഏബ്രഹാം ലിങ്കൺ എന്നീ മഹാരഥന്മാരുടെ എല്ലാം നാം ഓർത്തിരിക്കുന്ന പ്രസംഗങ്ങൾ ലളിതവും ഹ്രസ്വവും ആണ്.

രണ്ടോ മൂന്നോ പ്രധാന ആശയങ്ങളുടെ സമർത്ഥമായ വിപുലീകരണമാണ് നല്ല പൊതു പ്രസംഗങ്ങൾ. വാചകകസർത്തിലല്ല ആശയങ്ങളുടെ പുതുമയ്ക്കും അവതരണത്തിനുമാണ് പ്രാധാന്യം. പൗലൂസ് അപ്പോസ്തോലന്റെ പ്രസംഗം മുഷിപ്പനായിരുന്നു. പക്ഷേ ആശയ സമൃദ്ധമാണ്. സുവിശേഷം അറിയിപ്പാൻ താൻ വന്നത് വാക്ചാതുര്യത്തോടെ അല്ല (1 കൊരി. 1:7) എന്നദ്ദേഹം സ്വയം സമ്മതിക്കുന്നു. പ്രസംഗം ശ്രദ്ധയോടെ തയ്യാറാക്കി അവതരിപ്പിക്കുന്നതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം (1 കൊരി. 2:6) വിജ്ഞാനഭണ്ഡാരം വാക്ചാതുര്യത്തോടെ തുറന്നു കാണിക്കുന്നതല്ല നല്ല പ്രസംഗം എന്നദ്ദേഹം

> *കാര്യങ്ങൾ ഹ്രസ്വമായും, ലളിതമായും, അവസരോചിതമായും പറയാൻ കഴിയുക എന്നത് വലിയ കാര്യമാണ്. ആശയ വിനിമയ ശാസ്ത്രത്തിൽ ഇതിന് "KISS" (Keep It Short and Simple) എന്നാണ് പറയുന്നത്. യേശുക്രിസ്തു വാണ് ഏറ്റവും നല്ല മാതൃക.*



# വിശ്വാസപാഠം

ഫാ. പി. എം. സഖറിയ പള്ളിക്കപ്പറമ്പിൽ

I) വി. സഭയിൽ മാമോദീസാ കൈക്കൊണ്ട് അഭിഷേകം പ്രാപിച്ചവരായ നാം എന്തു ചെയ്യണം?

a) നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കണം (1 യോഹ. 2:24) ആദിമുതൽ കേട്ടത് ശ്ലീഹന്മാരുടെ ഉപദേശമല്ലാതെ (doctrines) വേറെ എന്താണ്?

b) അവർ ക്രിസ്തുവിൽ വസിക്കുകയും (1 യോഹ.2:27) സൽപ്രവൃത്തികളിൽ ഉത്സുകരായിരിക്കുകയും വേണം. (തീത്തോ. 3:8).

എബ്രാ. 8:11 ലും 10:16 ലും "ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനോട് കർത്താവിനെ അറിക എന്നുപദേശിക്കുകയില്ല എന്നു പറയുന്നുണ്ടല്ലോ. പിന്നെ എന്തിനു പഠിക്കുന്നു?

അവിടെ അങ്ങനെ പറയുന്നുണ്ട്. മുകളിൽ എന്തു പറഞ്ഞിരിക്കുന്നു എന്നത് വേദപുസ്തകത്തിൽ നിന്നും വായിക്കുക. യിരമ്യാ. 31:34 അവിടെ ഉദ്ധരിച്ചിരിക്കുകയാണ്. യിസ്രായേലിനെക്കുറിച്ചുള്ള ഒരു പ്രവചനമാണിത്. അല്ലാതെ ക്രിസ്ത്യാനിയെകുറിച്ചല്ല. എഫേ. 3:5 ൽ പറയുന്ന പ്രകാരം ആ മർമ്മം (ക്രിസ്തുവിനെ സംബന്ധിച്ച്) അപ്പോസ്തോലന്മാർക്ക്, പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടു എന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നതിനാൽ അവരിൽ നിന്നു മാത്രം ആ മർമ്മത്തെക്കുറിച്ച് പഠിക്കേണ്ടതാകുന്നു. അല്ലാതെ അഭിഷേകം ഉണ്ടെന്നു പറഞ്ഞ്, ആരും പഠിപ്പിക്കേണ്ട എന്ന് ഒരിക്കലും പറയരുത്.

(II) കർത്താവിന്റെ വചനം ആരിൽ നിന്നായാലും കേൾക്കുന്നത് നല്ലതല്ലേ? പിന്നെ എന്തിന് തടയുന്നു?

ഇതു നമ്മിൽ പലരുടെയും സംശയമാണ്. മറ്റുള്ളവരുടെ ഉപദേശം കേൾക്കുവാൻ പോകരുതെന്ന് ഓർത്തഡോക്സ് സഭ മാത്രമല്ല, അത്യാധുനിക സഭക്കാരും പറയുന്നുണ്ടല്ലോ. ദൈവവചനത്തിനു സ്വന്തവ്യാഖ്യാനം കൊടുക്കുന്നില്ലെങ്കിൽ നല്ലതാണ്. എന്നാൽ ഇന്നത്തെ കാലത്ത് തിരുവചനങ്ങൾ സ്വന്ത നിലനില്പിനുവേണ്ടിയും, സ്വന്തം കാര്യത്തിനുവേണ്ടിയും വ്യാഖ്യാനിക്കുന്നവരുണ്ട്. അറിവില്ലാത്തവർ പോയി കേട്ടുകൊണ്ടിരുന്നാൽ എന്താണ് കോട്ടിമാട്ടിയതെന്ന് അറിയാതെ തെറ്റിപ്പോകും. ഏദൻതോട്ടത്തിൽ ഹവ്വായുടെ അടുത്തെത്തിയ സർപ്പവും ദൈവമില്ലെന്നോ, വന്ദിക്കരുതെന്നോ പറഞ്ഞില്ല. ദൈവത്തെപ്പോലെയാകുവാനുള്ള മാർഗ്ഗമാണ് പറഞ്ഞുകൊടുത്തത്. ദൈവത്തെപ്പോലെയാകാതിരിക്കുവാനാണോ തിന്നരുതെന്ന് ദൈവം പറഞ്ഞതെന്ന് ഹവ്വാ ചിന്തിച്ചു. ദൈവത്തിൽ ഉറച്ചിരുന്ന മനസിൽ സംശയമായി. കൂടുതൽ ആലോചിക്കാതെ തീരുമാനത്തിലുമെത്തി. അവളും ആദമും വിലക്കപ്പെട്ട കനി ഭക്ഷിച്ചു.. ദൈവത്തിലും സഭയിലും ഉപദേശങ്ങളിലും ഉറച്ചിരുന്ന മനസുകളെ സംശയത്തിലേക്കും തെറ്റായ തീരുമാനത്തിലേക്കും എത്തിച്ച് പാപത്തിലേക്കു വീഴിക്കുന്നു. ദൈവവുമായി സമ്പൂർണ്ണ സഖിത്വത്തിൽ കഴിഞ്ഞിരുന്ന ആദിമാതാപിതാക്കൾ പോലും ഒരു ചെറുപ്രസംഗം കേട്ടതുകൊണ്ട് തെറ്റിപ്പോയെങ്കിൽ നാം എത്ര അധികം?

എഴുതുന്നു. പ്രതിഭാ ശാലിയായ പണ്ഡിതനായിരുന്നിട്ടുപോലും 'ജ്ഞാനത്തിന്റെയോ വചനത്തിന്റെയോ വൈഭവം കൂടാതെ' (1 കൊരി. 2:1) യേശുക്രിസ്തുവിന്റെ ലളിതമായ സന്ദേശങ്ങളെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അകൃത്രിമമായി സാക്ഷീകരിക്കാനാണദ്ദേഹം ശ്രമിച്ചത്. പൗലൂസ് അപ്പോസ്തോലനെപ്പോലെ നമ്മുടെ പ്രസംഗങ്ങളും സരളവും, അകൃത്രിമം ആക്കാനാണ് ശ്രമിക്കേണ്ടത്. മോശയ്ക്കും (പുറപ്പാട് 4:10-12) യിരമ്യാവിനും (1:6) പ്രസംഗ സാമർത്ഥ്യം കുറവായിരുന്നു. എങ്കിലും ദൈവത്തിന്റെ കൈയ്യൊപ്പ് അവരുടെ നാവുകളിൽ ഉണ്ടായിരുന്നു. അവർ അവതരിപ്പിച്ച ആശയങ്ങൾ തലമുറകൾക്കു വഴികാട്ടിയായി നിലനില്ക്കുന്നു. ഒരു നേതാവിന്റെ ഏറ്റവും വലിയ, കഴിവ് പ്രസംഗപാടവം ആകണമെന്നില്ല എന്നർത്ഥം. എങ്കിലും പരിശ്രമത്തിലൂടെ വളർത്തി എടുക്കാവുന്ന ഒരു കലയാണിത്.

ഇ.എഫ്. ഷൗമാക്കറുടെ വളരെ പ്രസിദ്ധമായ ഒരു പുസ്തകമാണ്, "ചെറുത് സുന്ദരമാണ്" (Small is beautiful 1973) എന്നത്. വളരെ വലിയ ഫാക്ടറികൾക്കും അണക്കെട്ടുകൾക്കും സ്ഥാപനങ്ങൾക്കും ബദലായി സമൂഹത്തിനു മുഴുവൻ പ്രയോജനപ്പെടത്തക്കവണ്ണം ചെറിയ ചെറിയ പ്രസ്ഥാനങ്ങൾ ഉണ്ടാവേണ്ടതിന്റെ പ്രാധാന്യം ഹൃദ്യമായ ശൈലിയിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു പുസ്തകമാണിത്. ഘടന ചെറുതാണെങ്കിലും അവയുടെ പ്രാധാന്യം വലുതായിരിക്കുമെന്നദ്ദേഹം സമർത്ഥിക്കുന്നു. പ്രസ്ഥാനങ്ങൾക്കുമാത്രമല്ല പ്രസംഗങ്ങൾക്കും പ്രവൃത്തികൾക്കും ഈ തത്വം ബാധകമാണ്. ഹ്രസ്വമായും ലളിതമായും അവസരോചിതമായും കാര്യങ്ങൾ അവതരിപ്പിക്കാൻ നമ്മുടെ നേതൃസ്ഥാനത്തിരിക്കുന്ന പലരും ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ചെറുത് സുന്ദരം മാത്രമല്ല പ്രധാനവുമാണ് എന്ന തത്വം ഓർത്തിരിക്കേണ്ടതാണ്.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

1) മാസികയിലേക്ക് പ്രസിദ്ധീകരണത്തിനായി അയയ്ക്കുന്ന വാർത്തകളുടെ (നിയമിതനായി/തിരഞ്ഞെടുക്കപ്പെട്ടു etc..) വിശ്വാസ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്/വികാരിയുടെ കത്ത് മാറ്ററിനോടൊപ്പം അയച്ചുതരണം

2) പ്രസിദ്ധീകരണയോഗ്യമല്ലാത്ത മാറ്ററുകൾ തിരികെ ലഭിക്കണമെങ്കിൽ മതിയായ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം അയയ്ക്കേണ്ടതാണ്.

## കുരിശ്ശടി കൂദാശ

തിരുവനന്തപുരം ഭദ്രാസനത്തിൽ പെട്ട കുളത്തൂപ്പുഴ സെ. ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ ചന്ദനക്കാവ് ജംഗ്ഷനിൽ ദൈവമാതാവിന്റെ നാമത്തിൽ പുതുതായി നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാ കർമ്മം, കൊല്ലം തിരുവനന്തപുരം ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി നിർവ്വഹിച്ചു. (15.02.02)

**ഹൈദ്രബാദ്:-** ആന്ധ്രയിൽ 2001-ൽ ആരംഭിച്ച സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക പുതുതായി വാങ്ങിയ സ്ഥലത്ത് പ. ഗീവറുഗീസ് സഹദായുടെ നാമത്തിൽ നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശ മദ്രാസ് ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

## ഏകദിന സമ്മേളനവും സെമിനാറും

**കേളകം:-** കേളകം സെന്റ് തോമസ് ഓർത്തഡോക്സ് ശാലേം ചർച്ച് OCYM ന്റെ ആഭിമുഖ്യത്തിൽ കേളകം ഡിസ്ട്രിക്ടിലെ യുവതീ യുവാക്കൾക്കുള്ള ഏകദിന സെമിനാർ മാർച്ച് 2-ാം തീയ്യതി ഫാ. ജോജി മാത്യു ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ വെരി. റവ. കെ.ജി. ഗീവർഗ്ഗീസ് കോർ-എപ്പിസ്ക്കോപ്പ അദ്ധ്യക്ഷനായിരുന്നു.

സെമിനാറിൽ റവ. ഡീ. ഷിബു വി.എം. യുവജന പ്രസ്ഥാന രൂപരേഖ അവതരിപ്പിച്ചു. തുടർന്ന് റവ. ഫാ. ചാണ്ടി പനക്കാട്ട്, റവ. ഫാ. പൗലോസ് പാറേക്കര എന്നിവർ ക്ലാസ്സുകൾ എടുത്തു. ക്യാമ്പിൽ റവ. ഫാ. സ്റ്റീഫൻ കളിയ്ക്കൽ, റവ. ഫാ. പി. റ്റി. ജോർജ്ജ്, റവ. ഫാ. സ്ക്കറിയാ മാത്യു, റവ. ഫാ. വർഗ്ഗീസ് മൺഡ്രോത്ത് തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിന് അജീഷ് കൊക്കാപ്പള്ളി സ്വാഗതവും റിൻസൺ ഉറുമീസ് കൃതജ്ഞതയും അർപ്പിച്ചു.

## 11-ാം ക്ലാസ്സ് മേയ് 20-ന് തുടങ്ങും

ചങ്ങനാശ്ശേരി തെങ്ങണ ഗുഡ്ഷെപ്പേർഡ് പബ്ലിക് സ്ക്കൂൾ & ജൂനിയർ കോളജിൽ 11-10 ക്ലാസ്സ് മെയ് 20-ന് തുടങ്ങും. സയൻസ് ഗ്രൂപ്പുകൾക്ക് ഡിസ്റ്റിംഗ്ഷനും കൊമേഴ്സ് -കമ്പ്യൂട്ടർ ഗ്രൂപ്പിന് ഫസ്റ്റ് ക്ലാസ്സും പ്രതീക്ഷിക്കുന്നവർക്ക് മോഡൽ പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിൽ പ്രവേശനവും സ്ക്കൂൾ ടോപ്പേഴ്സിന് സ്ക്കോളർഷിപ്പും കിട്ടും പാലാ ബ്രില്ല്യന്റാണ് എൻട്രൻസ് കോച്ചിംഗ് നയിക്കുന്നത്. കോട്ടയം തിരുവല്ല എന്നിവിടങ്ങളിൽ നിന്നും പുതിയ സ്ക്കൂൾ ബസ് ഉണ്ടായിരിക്കും. മാതാപിതാക്കൾക്കായുള്ള മാർഗ്ഗനിർദ്ദേശം മെയ് 30, 10-ന് ജസ്റ്റീസ് കെ.റ്റി. തോമസ് ഉദ്ഘാടനം ചെയ്യും. ഫോൺ: 473732

## നിയമിതനായി



സുൽത്താൻ ബത്തേരി ഭദ്രാസന മർത്തമറിയം വനിതാ സമാജം വൈസ് പ്രസിഡന്റായി ഫാദർ വർഗീസ് മന്ദ്രത്ത് നിയമിതനായി. ബത്തേരി ഭദ്രാസന കൗൺസിൽ അംഗം കൂടിയായ അച്ചൻ അമ്പായത്തോട്ട് സെന്റ് മേരീസ് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു വരുന്നു.

## വൈദിക സംഘം സെക്രട്ടറി



മുംബൈ ഭദ്രാസന വൈദിക സംഘം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. എം.എസ്സ്. ജോയി വസായ് സെന്റ് തോമസ് ഇടവകയുടെ വികാരിയാണിപ്പോൾ.

## പൗരോഹിത്യ രജത ജൂബിലി



ബോംബേ ഭദ്രാസ്സനത്തിലെ സീനിയർ വൈദീകരിൽ ഒരാളായ റവ. ഫാദർ കോശി പ്ലാമ്മൂട്ടിലിന്റെ പൗരോഹിത്യ രജത ജൂബിലി അദ്ദേഹം ഇപ്പോൾ വികാരിയായി സേവനം അനുഷ്ഠിക്കുന്ന മീരാ ഭയന്ദർ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക 2002 ജൂൺ 9-നു കൊണ്ടാടുന്നു.

1970 ൽ ശെമ്മാശ്ശു പട്ടവും 1977 ൽ കശ്ശീശാ പട്ടവും നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് തിരുമേനിയിൽ നിന്നും സ്വീകരിച്ച അച്ചൻ കാലം ചെയ്ത പ. ബസേലിയോസ് ഔഗേൻ പ്രഥമൻ, പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ കാതോലിക്കാമാരുടെ സെക്രട്ടറിയായും ദാദർ, മുളണ്ട്, മലാഡ്, കല്യാൺ, ബറോഡാ, അഹമ്മദാബാദ്, ദോഹ, ബഹറിൻ, ഡോംബിവലി എന്നീ ഇടവകകളുടെ വികാരിയായും മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗമായും, ബോംബെ ഭദ്രാസന ജീഹ്വയായ് 'The Diocesam Gate way യുടെ ചീഫ് എഡിറ്റർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.


ഇപ്പോൾ ബോംബെ ഭദ്രാസന സൺഡേസ്ക്കൂൾ വൈസ് പ്രസിഡന്റ് ആയും സേവനം അനുഷ്ഠിക്കുന്നു.

ബോംബെ ഭദ്രാസ്സന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ കുറിലോസിന്റെയും അദ്ധ്യക്ഷതയിൽ കൂടുന്ന ജൂബിലി സമ്മേളനം സി.എൻ.ഐ. സഭയുടെ മുൻ ബിഷപ്പ് റവ. ഡോ. എസ്. ബി. ജോഷ ഉദ്ഘാടനം നിർവ്വഹിക്കുന്നതും ഭദ്രാസ്സന സെക്രട്ടറി ഫാ. തോമസ് വർഗീസ് വൈദീകരും മറ്റു പ്രശസ്ത വ്യക്തികളും പ്രസ്തുത യോഗത്തിൽ ആശംസാ പ്രസംഗങ്ങൾ നിർവ്വഹിക്കുന്നതുമാണ്. ബ. അച്ചൻ കടമ്പനാട് പ്ലാമൂട്ടിൽ കുടുംബാംഗമാണ്. ഭാര്യ കുഞ്ഞുമറിയാമ്മ നിരണം പുള്ളിപ്പടവ് കോട്ടയിൽ കുടുംബാംഗമാണ്. ഏക മകൻ ജോർജ്ജ് കോശി, ബോംബെ യൂണിവേഴ്സിറ്റിയൽ പഠിക്കുന്നു.





## വൈദീക ചരമം



**കോഴഞ്ചേരി:-** വാഴക്കുന്നത്ത് മാടത്ത് ഫാ. എം. ഈ. പോൾ (69) 14.04.02 ഞായറാഴ്ച നിര്യാതനായി. സംസ്ക്കാരം 19.04.02 വെള്ളിയാഴ്ച കാട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും നിയുക്ത കാതോലിക്കാ അഭി. തോമസ് മാർ തീമോത്തിയോസ്, അഭി. മാത്യൂസ് മാർ എപ്പഫാനിയോസ്, അഭി. ഗീവറുഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. പരേതൻ, തണ്ണിത്തോട്, തേക്കുതോട്ട്, കീക്കൊഴൂർ നെല്ലിക്കൽ, ഭിലായ്, അയിരൂർ ചെറിയപള്ളി, അയിരൂർ പഴയപള്ളി, അയിരൂർ സെന്റ് ജോൺസ്, കുമ്പളന്താനം ചാപ്പൽ, കുടശ്ശനാട്, കുമ്പഴ കിഴക്ക്, കുമ്പഴ പടിഞ്ഞാറ്, വഞ്ചിത്ര, മഴുവേലി, പുത്തൻകാവ്, കൂർത്തമല, കുറ്റിയാനി, കൈപ്പട്ടൂർ, മല്ലശ്ശേരി, അട്ടച്ചാക്കൽ, തുമ്പമൺ, മണ്ണാറകുളഞ്ഞി, നാറാണംമൂഴി, കൊറ്റനാട്, മതാപ്പാറ, ഇടപ്പാവൂർ, തോട്ടമൺ, ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ ലില്ലിക്കുട്ടി, റാന്നി കരിമ്പനാം കുഴി പ്ലാന്താനത്ത് കുടുംബാംഗമാണ്. മക്കൾ:- റോയി, റൂബി, റെനി, റിജു. മരുമക്കൾ:- ഷീജ, ബീജു, ഫാ. റ്റി. കെ. ശാമുവേൽ (വികാരി, വള്ളംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി), ജൂലി.

## ഒന്നാം റാങ്ക്



മഹാരാഷ്ട്രയിലെ ഡോ. പഞ്ചാബ് റാവു ദേശ്മുഖ് കാർഷിക സർവ്വകലാശാലയിൽ നിന്നും അഗ്രികൾച്ചർ എം.എസ്.സി. (പ്ലാന്റ് പതോളജി)യിൽ ഒന്നാം റാങ്കും സ്വർണ്ണമെഡലും നേടിയ ബിന്ദു മാത്യൂസ് പെരിങ്ങിലിപ്പുറം മുളവന മനുവില്ലയിൽ ഫാ. എം.കെ. ഇമ്മാനുവേലിന്റെ ഭാര്യയും തോനയ്ക്കാട് തട്ടാശ്ശേരിൽ കവറാട്ടു വീട്ടിൽ പി. മാത്തന്റെ മകളുമാണ്.



ജൂനിയർ സിംഗിൾ സോംഗിൽ (സൗത്ത് സോൺ) ഒന്നാം സമ്മാനം നേടിയ അനീഷാ മാത്യൂസ് തുമ്പമൺ എം.ജി. സൺഡേ സ്ക്കൂൾ വിദ്യാർത്ഥിനി.



അഖില മലങ്കര അടിസ്ഥാനത്തിൽ (സൗത്ത് സോണൽ) സിംഗിൾ സോംഗിൽ രണ്ടാം സമ്മാനം കരസ്ഥമാക്കിയ ജിൻസി അന്നാ ചാണ്ടി. ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗം. നെടുവക്കാട്ട് എൻ. സി. ചാണ്ടിയുടേയും, റോസമ്മ ചാണ്ടിയുടേയും മകൾ ആണ്.

## അന്ധവിദ്യാർത്ഥികൾക്ക് പ്രവേശനം

മൂന്ന് വയസ്സു മുതൽ പത്തു വയസുവരെ പ്രായമുള്ള അന്ധരായ കുഞ്ഞുങ്ങൾക്ക് ഇവിടെ പ്രവേശനം ലഭിക്കുന്നതാണ്. വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, താമസം, യാത്ര, ചികിത്സ എന്നിവ സൗജന്യമായിരിക്കും.

ലൈറ്റ് റ്റു ദി ബ്ലൈന്റ് വിദ്യാലയത്തിൽ പ്രവേശനം ലഭിക്കുന്നതിന് അന്ധരായ കുഞ്ഞുങ്ങളുടെ രക്ഷാകർത്താക്കൾ; ഹെഡ്മാസ്റ്റർ, ലൈറ്റ് റ്റു ദി ബ്ലൈന്റ്, ശ്രീനിവാസപുരം പി. ഒ., വർക്കല, പിൻ-695145 എന്ന വിലാസത്തിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ-602367. പ്രവേശനം ജൂൺ മുപ്പത് വരെ മാത്രമെ ഉണ്ടായിരിക്കുകയുള്ളു.

## സൗജന്യ നിയമ സഹായം

ദുബായിൽ ബുദ്ധിമുട്ടു നേരിടുന്ന ഇന്ത്യാക്കാർക്കു സൗജന്യ നിയമ സഹായം നൽകുന്നതിനായി ഇന്ത്യൻ കോൺസൽ ജനറൽ രൂപീകരിച്ച അഭിഭാഷക കമ്മിറ്റിയിലെ അംഗമായി അഡ്വ. പി.വി. വർഗീസി (പൂവത്തിനാൽ)നെ നോമിനേറ്റ് ചെയ്തു. അഡ്വ. വർഗീസി(പൂവത്തിനാൽ)നെ നോമിനേറ്റ് ചെയ്തു. അഡ്വ. വർഗീസ് ഇപ്പോൾ ദുബായ് സെന്റ് തോമസ് ഇടവകാംഗമാണ്.

## നേപ്പാളിൽ ഓർത്തഡോക്സ് ആരാധന

നാഗപ്പൂർ:- ഇൻഡ്യയുടെ അയൽ രാജ്യമായ നേപ്പാളിൽ ആദ്യമായി വി. കുർബ്ബാന അർപ്പിച്ചു. നമ്മുടെ സഭാംഗങ്ങളായി അവിടെയുള്ള മെഡിക്കൽ കോളജുകളിലും മറ്റുമായി ജോലി ചെയ്യുന്നവരും മെഡിക്കൽ വിദ്യാർത്ഥികളുമായ ഒരു കൂട്ടം ആളുകളുടെ സാന്നിദ്ധ്യത്തിലും സഹകരണത്തിലും വി. കുർബ്ബാനയും പ്രാർത്ഥനയും നടത്തി.

## നിയമിതനായി

ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ (LIC of India) ചെന്നൈ കേന്ദ്രമാക്കിയുള്ള സോണൽ ബോർഡിലെ അംഗമായി ഡോ. അലക്സാണ്ടർ കാരയ്ക്കൽ നിയമിതനായിരിക്കുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പദവിയിൽ നിന്ന് വിരമിച്ചതിനുശേഷം യു.ജി. സി. യുമായും യുണെസ്ക്കോയുമായും ബന്ധപ്പെട്ട് വിവിധ കമ്മറ്റികളിൽ അദ്ദേഹം പ്രവർത്തിച്ചു വരികയാണ് കഴിഞ്ഞ 32 വർഷക്കാലം തുടർച്ചയായി മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയിൽ അംഗമാണ് ഡോ. കാരയ്ക്കൽ.

## സിംഗ്റലി ഇടവക മാതൃകകാട്ടി

ഡൽഹി ഭദ്രാസനത്തിൽപെട്ട സിംഗ്റലി സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ എല്ലാ കുടുംബങ്ങളും മലങ്കരസഭ മാസികയുടെ വരിക്കാരായി ചേർന്നു. കഷ്ടാനുഭവ ആഴ്ച ശുശ്രൂഷയ്ക്കായി ഫാ. ടി.എ. ഇടയാടി ഇടവകയിൽ എത്തിയപ്പോളായിരുന്നു ഇടവകാംഗങ്ങൾ മാസികയുടെ വരിക്കാരായത്.

NO DONATION

SHRIDEVI EDUCATION SOCIETY (R)

ONLY GOVT. FEES

# SHRIDEVI HOSPITALS
&
## SHRIDEVI COLLEGE OF ENGINEERING AND TECHNOLOGY

**K.R. EXTENSION, TUMKUR, BANGALORE**

**ബാംഗ്ലൂർ, തുംകൂറിലെ പ്രമുഖവും വിഖ്യാതവുമായ ശ്രീദേവി ഹോസ്പിറ്റൽ & എഞ്ചിനീയറിംഗ് കോളജിൽ അഡ്മിഷൻ നേടുന്നതിനുള്ള അവസരം**

| | | |
|---|---|---|
| 1. B.Sc. Nursing 5th Batch | 4 years | Affiliated Indian Nursing Council, F.No. 18-661/2000 INC. Rajiv Gandhi Health University, Nursing Council Govt. of Karnataka. |
| 2. B.Sc. Nursing Post Certificate 2nd Batch | 2 years | Affiliated Indian Nursing Council ACA NS 25- 0-42 2000-2001 Eligibility: 1. should hold a certificate in General Nursing. 2. Should be a registered Nurse. 3. Should have minimum of 2 years Experience. 4. Should have passed PDC. |
| 3. BPT 5th Batch | 4 years | Affiliated to Rajiv Health University, IAO and Govt. of Karnataka (PDC Science Group). |
| 4. Gen, Nursing 11th Batch | 3 years | PDC/VHSE/+2 any group pass. Recognised by Indian Nursing Council, I.N.C. (Pt 1V) Dt. 5-3-01 KNC Govt. of Karnataka. |
| 5. B. Pharm | 4 years | Affiliated to Rajiv Gandhi University of Health Sciences Bangalore & Recognised by P.C.I. Affiliated to A.I.C.T.E. New Delhi. |
| 6. D. Pharm | 2 years | Approved by Govt. of Karnataka & The pharmacy council of India, New Delhi. |
| 7. DMLT | | PDC/SSLC pass -2 years and 3 years Diploma Recognised by Karnataka Paramedical Board, Directorate of Medical Education, Karnataka. |
| 8. B.C.A. | 3 years | Bangalore University |

**B.E. Degree Courses are offered in the following**

**1. Computer Science, 2. Informaton Technology, 3. Electronics & Communication Engineering.**

***(Approved by A.I.C.T.E., New Delhi, Goverment of Karnataka & Affiliated to Bangalore Technical University)***

* സ്വന്തമായി 300 ബെഡ് ആശുപത്രി * ഇവിടെ നിന്ന് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്വദേശത്തും വിദേശത്തും ജോലി * സുരക്ഷിതമായ ഹോസ്റ്റൽ * പ്രഗത്ഭരായ അദ്ധ്യാപകർ * ഓപ്പറേഷൻ തിയേറ്ററുകളിലും ഡയഗണോസ്റ്റിക് സെന്ററുകളിലും പ്രായോഗിക പരിശീലനം * അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം രക്ഷകർത്താവിനോടൊപ്പം താഴെപറയുന്ന സ്ഥലത്ത് കോളജ് വാർഡനെ നേരിൽ കണ്ട് സീറ്റ് ഉറപ്പുവരുത്തുക.

Provisions are made for students to participate in worship every sunday under the Leadership of A.G. Church, I.P.C. Church, Marthoma Church, R.C. Church and **St. Gregorios Orthodox Syrian Church, at Tumkur.**

Contact Address in Kerala: **M.K. Thomaskutty (warden), Marathuvelil Puthenveettil (H), Opp (N.S.S.H.S.), Near Manesha College, Thadiyoor P.O., Thiruvalla-689545, Kearala.**

**Phone: 0473-654377, 654755, Mobile: 98471 11869**

Director: **DR. M.R. HULINAYKAR. M.B.B.S., M.S.**

# ST. GREGORIOS ORTHODOX CHURCH SHARJAH

## അപേക്ഷകൾ ക്ഷണിക്കുന്നു

മരുഭൂമിയിലെ പരുമലയായി വിശേഷിപ്പിക്കുന്ന ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെയായി നടത്തിവരുന്ന ജീവകാരുണ്യപ്രവർത്തനം ഈ വർഷവും നടത്തുവാൻ ആഗ്രഹിക്കുന്നു. നിർധനരും നിരാലംബരും ആയവരിൽ നിന്ന് ജാതിമത ഭേദമെന്യേ താഴെ പറയുന്ന വിഭാഗങ്ങളിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം അതതു വിഭാഗത്തിനനുസൃതമായി ആവശ്യപ്പെട്ടിരിക്കുന്ന രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.

**1. വിദ്യാഭ്യാസം, 2. ചികിത്സാസഹായം, 3. വിവാഹം, 4. പൊതുസഹായം. 5. ഭവനനിർമ്മാണ സഹായം**

ആഗസ്റ്റ് 31-ാം തീയതിക്കകം അപേക്ഷകൾ സാധാരണ തപാലിൽ ലഭിച്ചിരിക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല. ശുപാർശ ചെയ്യുന്ന വികാരിയുടെ പൂർണമായ പേരും മേൽവിലാസവും ശുപാർശകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷ അയയ്ക്കേണ്ട വിലാസം:-

**REV. FR. JOHN DANIEL**
**ST. GREGORIOS ORTHODOX CHURCH**
**P.O. BOX 2229, SHARJAH, U.A.E.**

**അപേക്ഷകൾക്കൊപ്പം ഉണ്ടായിരിക്കേണ്ടതായ രേഖകൾ:-**

1. **വിദ്യാഭ്യാസം:-**
   a. അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശകത്ത്.
   b. വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും പഠിച്ചുകൊണ്ടിരിക്കുന്നു എന്ന സാക്ഷ്യപത്രം അഥവാ അഡ്മിഷൻ കാർഡ്.
2. **ചികിത്സാ സഹായം:-**
   a. അപേക്ഷകന്റെ വാസസ്ഥലത്തുള്ള പള്ളി വികാരിയുടെ ശുപാർശകത്ത്.
   b. ചികിത്സിക്കുന്ന ഡോക്ടറിന്റെ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ്
3. **വിവാഹ സഹായം:-**
   a. വിവാഹ നിശ്ചയം നടന്നതിന്റെ തെളിവ്.
   b. അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശകത്ത്.
4. **പൊതുസഹായം; 5. ഭവന നിർമ്മാണ സഹായം.**

അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശകത്ത്.

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2002*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# ചരമവാർഷികം



## കുഞ്ഞമ്മസാർ

### ചെങ്ങന്നൂർ

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.

PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JACOB KURIAN. RS. 5/-